VOL NO: 04 | ISSUE 50
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 DECEMBER 12 | 1442 RABIUL AKHIR 27 | ₹12

വാരിക



## ഗുരുജി ഗോൾവാൾക്കറുടെ നാമകരണത്തിലെ മതവും രാഷ്ട്രീയവും

തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ രണ്ടാം കാമ്പസിന് എം.എസ് ഗോൾവാൾക്കറുടെ പേരു നൽകാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം വിവാദങ്ങൾക്ക് തിരികൊളുത്തിയിരിക്കുകയാണ്. ആരായിരുന്നു ഗോൾവാൾക്കർ? അദ്ദേഹത്തിന്റെ പേര് കാമ്പസിനു നൽകുന്നതിലെ അനൗചിത്യമെന്ത്?

|| സുജൂദിന്റെ മഹത്ത്വം
|| 'അലക്വ്'യും 'മുള്ഗ്'യും
|| അറബി, ഉറുദു ഭാഷകളോടുള്ള അവഗണന
|| ഹദ്ദാദ് പാരായണം നല്ല മരണത്തിന് നിദാനമോ?

## ഇന്ദ്രപ്രസ്ഥത്തെ ഇളക്കിമറിച്ച കർഷകരോഷം

രാജ്യതലസ്ഥാനം മറ്റൊരു ചരിത്ര പ്രക്ഷോഭത്തിന് സാക്ഷ്യം വഹിക്കുകയാണ്. ഡൽഹിക്ക് ചുറ്റും ഉപരോധം തീർത്ത കർഷകരുടെ ആത്മവിശ്വാസവും പോരാട്ടവീര്യവും, തന്നിഷ്ടക്കാരും ധിക്കാരികളുമായ ഭരണകൂടത്തിന്റെ കണ്ണുതുറപ്പിക്കുമെന്നാണ് സന്മനസ്സുള്ളവരുടെ പ്രതീക്ഷ!

## ഓൺലൈൻ കോൺഫറൻസിനോടനുബന്ധിച്ച് വിസ്ഡം ബുക്സ് പുതുതായി പുറത്തിറക്കിയ

## 1400 രൂപയിലധികം വിലയുള്ള ഒരു ഡസൻ പുസ്തകങ്ങൾ

## ഇപ്പോൾ വെറും 1000 രൂപക്ക്...!!!

WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

### പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |



നേർപഥം
വാരിക

0204 / 2020 ഡിസംബർ 12 / 1442 റബീഉൽ ആഖിർ 27 / പുസ്തകം 04 / ലക്കം 50



# ഗുരുജി ഗോൾവാൾക്കറുടെ നാമകരണത്തിലെ മതവും രാഷ്ട്രീയവും

ഉസ്മാൻ പാലക്കാഴി / 10

**മുഖമൊഴി**

ആരു ജയിക്കും? / 05

**ക്വുർആൻ ദർശനം**

ഹശ്ർ (തുരത്തിയോടിക്കൽ) / 23
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**വിമർശനം**

ഹദ്ദാദ് പാരായണം
നല്ല മരണത്തിന് നിദാനമോ? / 29
മൂസ സ്വലാഹി, കാര

**ജാലകം**

രോഗലക്ഷണം തിരിച്ചറിയുക / 34
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ലേഖനം**

സുജൂദിന്റെ മഹത്ത്വം / 06
ദുൽക്കർഷാൻ അലനല്ലൂർ

'അലക്വ്'യും 'മുള്ഗ'യും / 18
ഡോ. ജൗസൽ

അറബി, ഉറുദു
ഭാഷകളോടുള്ള
അവഗണന / 26
പി.ഒ ഉമർ ഫാറൂഖ്, തിരൂരങ്ങാടി

ഇന്ദ്രപ്രസ്ഥത്തെ
ഇളക്കിമറിച്ച
കർഷകരോഷം / 32
നബീൽ പയ്യോളി

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# ഓൺലൈൻ കോൺഫറൻസ്: പ്രഖ്യാപനസമ്മേളനം പ്രൗഢമായി

ദിവസങ്ങളുടെ കഠിനാധ്വാനത്തിന് ശേഷം കൺകുളിർമയുള്ള കാഴ്ചകൾ സമ്മാനിച്ചുകൊണ്ട് വിസ്ഡം ഓൺലൈൻ കോൺഫറൻസിന്റെ പ്രഖ്യാപന സമ്മേളനത്തിന് ഡിസംബർ ആറാം തീയതി പരിസമാപ്തിയായി.

സമ്മേളന തീയതിയും അതിന്റെ വൈപുല്യവും പൊതുസമൂഹത്തിൽ അത് ചെലുത്തുന്ന സ്വാധീനവും സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ലോകസമക്ഷം പ്രഖ്യാപിച്ചു. കേരള മുസ്‌ലിം നവോത്ഥാന നായകർ നിർവഹിച്ച ദൗത്യം സ്മരിച്ചുകൊണ്ട്, അതിന്റെ പിന്മുറക്കാരായി കടന്നുവന്ന സംഘടനയാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ എന്ന സന്ദേശം അവതരിപ്പിച്ചുകൊണ്ട് ബഹു: പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സമ്മേളനത്തെ അഭിവാദ്യം ചെയ്തു. രാജ്യത്തിന്റെ മതേതര ഉള്ളടക്കത്തെ അപായപ്പെടുത്തുന്ന വർഗീയശക്തികളുടെ വിനാശകരമായ നീക്കങ്ങളെ പ്രതിരോധിക്കാൻ വിശാലമായ മതേതര കൂട്ടായ്മകൾക്ക് ശക്തിപകരാൻ സമ്മേളന സന്ദേശത്തിന് സാധിക്കട്ടെയെന്ന് സിപിഎം കോഴിക്കോട് ജില്ലാ സെക്രട്ടറി പി. മോഹനൻ മാസ്റ്റർ പ്രത്യാശ പ്രകടിപ്പിച്ചു. മുസ്‌ലിം, ദളിത്, പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ നേരിടുന്ന കടുത്ത നീതിനിഷേധത്തിനെതിരെ നിലകൊള്ളാൻ ആഹ്വാനം ചെയ്തുകൊണ്ടും ആ രംഗത്ത് വിസ്ഡം പ്രവർത്തനങ്ങളുടെ സവിശേഷമായ ഇടപെടലുകൾ പ്രശംസിച്ചു കൊണ്ടും മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.എ മജീദ് സാഹിബ് സംസാരിച്ചു.

വായനയാണ് പുതിയ കാലത്തിന്റെ പോസിറ്റീവ് സിഗ്നേച്ചർ എന്ന സന്ദേശം പങ്കുവെച്ച് കേരള പത്രപ്രവർത്തക യൂണിയൻ മുൻ പ്രസിഡന്റ് കമാൽ വരദൂർ വിസ്ഡം ബുക്സിന്റെ 12 പുസ്തകങ്ങളുടെ പ്രകാശന കർമം നിർവഹിച്ചു. വിസ്ഡം ബുക്സ് കട്ടിയുള്ള സാഹിത്യപ്രയോഗങ്ങൾക്കപ്പുറം ലളിതസുന്ദരമായ ഭാഷയിലൂടെ വൈജ്ഞാനിക ഗ്രന്ഥങ്ങൾ പുറത്തിറക്കി പ്രസാധകരംഗത്ത് വേറിട്ട പാതയിലൂടെ സഞ്ചരിക്കുന്നുവെന്ന് അദ്ദേഹം നിരീക്ഷിച്ചു. യുവാക്കളുടെ കർമശേഷി സമ്മേളന പ്രവർത്തനങ്ങളെ ധന്യമാക്കണമെന്ന സന്ദേശം പകർന്നുകൊണ്ട് വിസ്ഡം യൂത്ത് പ്രസിഡന്റ് ഹാരിസ് കായക്കൊടി സംസാരിച്ചു. സാങ്കേതികവിദ്യയിൽ ഏറെ മുന്നിൽ നിൽക്കുന്ന വിദ്യാർഥിസമൂഹത്തിന് സമ്മേളനത്തിലുള്ള പങ്ക് വരച്ചുകാണിച്ചുകൊണ്ട് വിസ്ഡം സ്റ്റുഡൻസ് ജനറൽ സെക്രട്ടറി കെ.പി ശമീൽ സംസാരിച്ചു. 'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന പ്രമേയത്തിന്റെ സൂക്ഷ്മതലങ്ങൾ പോലും ചുരുങ്ങിയ സമയത്തിനുള്ളിൽ റഷീദ് കുട്ടമ്പൂർ ഹൃദ്യമായി അവതരിപ്പിച്ചു. വിശ്വാസികൾക്കും അല്ലാത്തവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന പ്രമേയ പ്രഭാഷണം വരുംദിനങ്ങളിൽ ലക്ഷങ്ങളിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

സമ്മേളന പ്രവർത്തനങ്ങളിൽ ഓരോരുത്തരുടെയും പങ്ക് ബോധ്യപ്പെടും വിധം പ്രബോധനത്തിന്റെ ബാധ്യതയും സാധ്യതയും ഓർമിപ്പിച്ചുകൊണ്ട് സി.പി സലീം സംസാരിച്ചു. പെരുമ കാണിക്കലല്ല; പൊരുളറിയിക്കലാണ് സമ്മേളനത്തിന്റെ ലക്ഷ്യമെന്നും വിഭാഗീയതകൾക്കതീതമായി പ്രബോധന രംഗത്തേക്ക് എല്ലാവരും കടന്നുവരണമെന്നും നമ്മുടെ ആയുസ്സ് നിരർഥകമായ നിമിഷങ്ങളായി പൊലിഞ്ഞുപോകരുതെന്നും ഓർമപ്പെടുത്തിക്കൊണ്ട് ബഹുമാന്യ പണ്ഡിതനും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വൈസ് പ്രസിഡന്റുമായ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ നടത്തിയ സമാപന സംസാരത്തോടെ പുതിയൊരു പുലരി പ്രേക്ഷകരുടെ മനസ്സിൽ ഉദിച്ചുയർന്നു. സമ്മേളന പ്രമേയത്തിന്റെ സന്ദേശം ഉൾകൊണ്ട് തയ്യാറാക്കിയ തീം സോങ്ങിന്റെ ആലാപനം പ്രോഗ്രാമിന് പകിട്ടേകി. നാലു മാസങ്ങളിലായി നടക്കുന്ന ബഹുമുഖ പദ്ധതികൾ അടങ്ങിയ ഡോക്യുമെന്ററി ഏതൊരു പ്രബോധകനെയും പുളകം കൊള്ളിക്കുന്നതായി മാറി. സാങ്കേതിക സംവിധാനങ്ങളുടെ സമഞ്ജസമായ സമ്മേളനത്തിലൂടെ പ്രോഗ്രാം മനോഹരമാക്കുന്നതിൽ വിസ്ഡം ഐടി വിംഗ് നടത്തിയ അധ്വാനം സഫലമായി.

യൂട്യൂബ്, ഫേസ്ബുക്ക്, ടിറ്റർ, ഇൻസ്റ്റാഗ്രാം തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെ സമ്മേളനം പതിനായിരങ്ങൾ തത്സമയം വീക്ഷിച്ചു. നാല് ഘട്ടങ്ങളിലായി നടക്കുന്ന സമ്മേളനത്തിന്റെ പ്രിപ്പറേഷൻ സ്റ്റേജിനാണ് പ്രഖ്യാപന സമ്മേളനത്തോടെ അവസാനമായത്. രണ്ടാംഘട്ടമായ പ്രീ കോൺഫറൻസിന്റെ തിരശ്ശീല ഇതോടെ ഉയർന്നുകഴിഞ്ഞു.

# ആരു ജയിക്കും?

വിജയം ആഗ്രഹിക്കുകയും പരാജയത്തെ വെറുക്കുകയും ചെയ്യാത്ത ആരും മനുഷ്യരുടെ കൂട്ടത്തിൽ ഉണ്ടാകാൻ സാധ്യതയില്ല; അത് ഏതു രംഗത്തായാലും ശരി. വിജയത്തിൽ സന്തോഷിക്കുകയും പരാജയത്തിൽ നിരാശപ്പെടുകയും ദുഃഖിക്കുകയും ചെയ്യും. ചിലർക്ക് ചെറിയ പരാജയം പോലും താങ്ങാനാവില്ല. അത്തരക്കാരാണ് ജീവിതത്തിൽനിന്നുതന്നെ ഒളിച്ചോടുവാൻ ശ്രമിക്കുന്നത്. ഒരു മുഴം കയറിലോ അൽപം വിഷത്തിലോ വെള്ളത്തിൽ ചാടിയോ തീകൊളുത്തിയോ ആത്മഹത്യ ചെയ്യുന്നത്.

ചെറിയവരും വലിയവരും ഒരുപോലെ വിജയത്തിൽ സന്തോഷിക്കുന്നവരാണ്. ഭൗതിക ലോകത്തെ ഏതു വിജയവും നമ്മെ സന്തോഷിപ്പിക്കുമെങ്കിലും അതെല്ലാം നൈമിഷികമാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. പിന്നെ ഏതാണ് ശാശ്വതമായ വിജയം? അല്ലാഹു പറയുന്നു:

“ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്...”(ക്വുർആൻ 3:185).

“അന്നേദിവസം ആരിൽനിന്ന് അത് (ശിക്ഷ) ഒഴിവാക്കപ്പെടുന്നുവോ അവനെ അല്ലാഹു തീർച്ചയായും അനുഗ്രഹിച്ചിരിക്കുന്നു. അതത്രെ വ്യക്തമായ വിജയം” (ക്വുർആൻ 6:16).

മരണം യാഥാർഥ്യമാണ്. ഭൗതികലോകത്തെ എല്ലാവിജയങ്ങളുടെയും സന്തോഷവും പരാജയങ്ങളുടെ ദുഃഖവും അതോടെ അവസാനിക്കും. എന്നാൽ ശാശ്വതമായ പരാജയമോ അല്ലെങ്കിൽ ശാശ്വതമായ വിജയമോ ആണ് മരണശേഷം കൈവരുന്നത്. നരകത്തിൽനിന്ന് രക്ഷനേടുകയും സ്വർഗത്തിൽ പ്രവേശനം ലഭിക്കുകയും ചെയ്യലാണ് ശാശ്വതമായ വിജയം. നരകത്തിൽ അകപ്പെടുന്നത് പരാജയവും.

ഇഹലോകത്ത് അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിച്ച് ജീവിക്കലാണ് പരലോക വിജയത്തിന്റെ നിദാനം: “...അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു” (ക്വുർആൻ 33:71).

“അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ” (ക്വുർആൻ 24:52).

ഇങ്ങനെയുള്ളവർക്കാണ് അല്ലാഹുവിന്റെ തൃപ്തി നേടുവാൻ സാധിക്കുക. അതാണ് മഹത്തായ വിജയം: “...അവരെപ്പറ്റി അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അതത്രെ മഹത്തായ വിജയം” (ക്വുർആൻ 5:119).

“...എന്നാൽ അല്ലാഹുവിങ്കൽനിന്നുള്ള പ്രീതിയാണ് ഏറ്റവും വലുത്. അതത്രെ മഹത്തായ വിജയം” (9:72).

അല്ലാഹുവിലും അവന്റെ ദൂതരിലും വിശ്വസിച്ചാൽ മാത്രം പരലോകത്ത് വിജയം ലഭിക്കില്ല. ഇസ്‌ലാം പഠിപ്പിക്കുന്ന സൽകമങ്ങൾ കൂടി ചെയ്യണം:

“വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുണ്ട്; തീർച്ച. അതത്രെ വലിയ വിജയം” (ക്വുർആൻ 85:11).

ഈ വലിയ വിജയം നേടിയെടുക്കലായിരിക്കണം വിശ്വാസിയുടെ ജീവിത ലക്ഷ്യം. അതിനാവശ്യമായതെല്ലാം ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്. അത് മനസ്സിലാക്കി ജീവിതം ക്രമീകരിക്കുവാൻ തയ്യാറായാൽ വിജയം ഉറപ്പ്; അല്ലെങ്കിൽ പരാജയവും.

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com



# സുജൂദിന്റെ മഹത്ത്വം

**ഈ** ഭൂമുഖത്തെ അനേകായിരം സൃഷ്ടിവർഗങ്ങളിൽ ഒന്നു മാത്രമാണ് മനുഷ്യൻ. മറ്റു ജീവജാലങ്ങളിൽനിന്ന് മനുഷ്യനെ വ്യതിരിക്തനാക്കുന്നത് അവന്റെ ബുദ്ധിയും ചിന്തയുമാണ്. അല്ലാഹുവിന്റെ സൃഷ്ടികളിൽ അല്ലാഹു ആദരിച്ചതും മനുഷ്യനെയാണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 17:70).

ആദം സന്തതികളാകുന്ന മനുഷ്യവർഗത്തെ അല്ലാഹു ആദരിച്ചിരിക്കുന്നുവെന്നു പറഞ്ഞതിൽ ഇതരജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യർക്കു പ്രകൃത്യാ ലഭിച്ചിട്ടുള്ള എല്ലാ സവിശേഷതകളും ഉൾപ്പെടുന്നു. ഇരുകാലുക

ളിൽ നിവർന്നു നിൽക്കുകയും നടക്കുകയും ചെയ്യുന്ന ശരീരപ്രകൃതി, കാര്യങ്ങൾ ഗ്രഹിച്ചറിയുവാനുള്ള വിവേചനശക്തി, പഞ്ചേന്ദ്രിയങ്ങൾ മുഖേന കാര്യങ്ങളെ വിലയിരുത്തുവാനുള്ള ഗ്രഹണശക്തി, ഭൂത-വർത്തമാന-ഭാവി കാലങ്ങളെക്കുറിച്ച് ചിന്തിക്കുവാനുള്ള കഴിവ്, ഇതര ജീവികളെ അടക്കിഭരിക്കുവാനുള്ള പ്രാപ്തി, ഭൂവിഭവങ്ങളെ ചൂഷണം ചെയ്യുവാനുള്ള സാമർഥ്യം, കൈകൊണ്ടു ഭക്ഷണപദാർഥങ്ങൾ എടുത്തുതിന്നുവാനുള്ള കഴിവ്, ഇതരജീവികൾക്കൊന്നും സാധ്യമല്ലാത്ത എത്രയോ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമാറുള്ള ശരീരഘടന, വേഷഭൂഷാദി അലങ്കാരങ്ങളും സൗന്ദര്യവിഭവങ്ങളും അണിയുവാനും ആസ്വദിക്കുവാനുള്ള വാസനയും കഴിവും, വിവിധ ജീവിതമാർഗങ്ങൾ സ്വീകരിക്കുവാനുള്ള ശേഷി, എഴുത്തും വായനയും ശീലിക്കുവാനും ഉപയോഗപ്പെടുത്തുവാനുമുള്ള സാധ്യത, സംസാരശേഷി എന്നിത്യാദി എത്രയോ കാര്യങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്.

ഇത്രയെല്ലാം അനുഗ്രഹങ്ങൾ നൽകി മനുഷ്യനെ ആദരിച്ച അല്ലാഹുവിനോട് നന്ദി കാണിക്കൽ ഓരോ മനുഷ്യന്റെയും ബാധ്യതയാണ്. നന്ദി കാണിക്കുന്നവന് അല്ലാഹു അനുഗ്രഹങ്ങൾ വർധിപ്പിച്ച് നൽകുന്നതുമാണ്. അല്ലാഹു പറയുന്നു:

"നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ)" (ക്വുർആൻ 14:7).

അടിമകളായ നാം ഉടമയായ അല്ലാഹുവിന് നന്ദി കാണിക്കേണ്ടത് അവനെ അനുസരിച്ചും അവനെ മാത്രം ആരാധിച്ചുമാണ്. ആരാധനകളിൽ ഏറ്റവും ശ്രേഷ്ഠമായത് നമസ്കാരമാണ്. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ രണ്ടാമത്തേത് നമസ്കാരമാണ്. നബിﷺയുടെ ആകാശയാത്രയിൽ അല്ലാഹുവിൽ നിന്ന് സമ്മാനമായി ലഭിച്ച ആരാധന, നാളെ പരലോകത്ത് കർമങ്ങൾ വിചാരണക്കെടുക്കുമ്പോൾ ആദ്യം വിചാരണ നടത്തപ്പെടുന്ന കർമം എന്നതെല്ലാം നമസ്കാരത്തിന്റെ പ്രാധാന്യവും മഹത്ത്വവും അറിയിക്കുന്നു.

ഇത്രയും പ്രാധാന്യമുള്ള നമസ്കാരത്തിലെ ഏറ്റവും ശ്രേഷ്ഠതയുള്ള പ്രവൃത്തി സുജൂദാണ്. അല്ലാഹുവിന്റെ സൃഷ്ടിചരാചരങ്ങൾ മുഴുവൻ അവനുമുമ്പിൽ സുജൂദ് ചെയ്യുന്നുണ്ട്. അല്ലാഹു പറയുന്നു:

"ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും, പർവതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും, മനുഷ്യരിൽ കുറെപേരും അല്ലാഹുവിന് പ്രണാമം അർപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന് നീ കണ്ടില്ലേ? (വേറെ) കുറെ പേരുടെ കാര്യത്തിൽ ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു..."(22:18).

ജീവി, നിർജീവി, വിശേഷബുദ്ധിയുള്ളത്, ഇല്ലാത്തത്, ചെറിയത്, വലിയത് എന്നീ വ്യത്യാസങ്ങളോ; ജഡവസ്തു, ആത്മീയവസ്തു, ഭൂലോകവസ്തു, ഉപരിലോകവസ്തു എന്നിങ്ങനെയുള്ള വ്യത്യാസങ്ങളോ കൂടാതെ, സകലവസ്തുക്കളും അല്ലാഹുവിന് സുജൂദ് ചെയ്യുന്നവയാണ്. മനുഷ്യരിലാകട്ടെ കുറച്ചുപേർമാത്രവും!

സുജൂദിന്റെ മഹത്ത്വവും പ്രാധാന്യവും അറിഞ്ഞ് നിർവഹിക്കുമ്പോഴാണ് അത് കൂടുതൽ ശ്രദ്ധയോടുകൂടി നിർവഹിക്കുവാൻ സാധിക്കുക. സുജൂദിന്റെ മഹത്ത്വം അറിയിക്കുന്ന ചില തെളിവുകൾ കാണുക:

### 1. ആകാശ ഭൂമികളിലുള്ളത് മുഴുവൻ അല്ലാഹുവിന് സുജൂദ് ചെയ്യുന്നു

"ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും, പർവ്വതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും, മനുഷ്യരിൽ കുറെപേരും അല്ലാഹുവിന് പ്രണാമം അർപ്പിച്ചുകൊണ്ടിരിക്കുന്നു..." (ക്വുർആൻ 22:18).

അല്ലാഹു മനുഷ്യരോട് പറയുന്നു: "അതിനാൽ നിങ്ങൾ അല്ലാഹുവിന് പ്രണാമം (സുജൂദ്) ചെയ്യുകയും (അവനെ) ആരാധിക്കുകയും ചെയ്യുവിൻ" (ക്വുർആൻ 53:62).

> **അടിമകളായ നാം ഉടമയായ അല്ലാഹുവിന് നന്ദി കാണിക്കേണ്ടത് അവനെ അനുസരിച്ചും അവനെമാത്രം ആരാധിച്ചുമാണ്. ആരാധനകളിൽ ഏറ്റവും ശ്രേഷ്ഠമായത് നമസ്കാരമാണ്. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ രണ്ടാമത്തേത് നമസ്കാരമാണ്. നബിﷺയുടെ ആകാശയാത്രയിൽ അല്ലാഹുവിൽ നിന്ന് സമ്മാനമായി ലഭിച്ച ആരാധന, നാളെ പരലോകത്ത് കർമങ്ങൾ വിചാരണക്കെടുക്കുമ്പോൾ ആദ്യം വിചാരണ നടത്തപ്പെടുന്ന കർമം എന്നതെല്ലാം നമസ്കാരത്തിന്റെ പ്രാധാന്യവും മഹത്ത്വവും അറിയിക്കുന്നു.**

**2. അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുന്നവരുടെ പ്രധാനഗുണം**

ഓരോ വിശ്വാസിയും അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ടിരിക്കുന്നവരാണ്. അതിനുവേണ്ടി അവർ അങ്ങേയറ്റം പ്രയത്നിക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് അവരുടെ ആഗ്രഹവും പ്രതീക്ഷയും നിറവേറുകയും ചെയ്യും. അല്ലാഹു പറയുന്നു:

"...അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്..." (ക്വുർആൻ 48:29).

**3. സുജൂദ് ചെയ്യുന്നവനിൽ നിന്ന് പിശാച് അകന്നുനിൽക്കും**

മനുഷ്യന്റെ മുഖ്യശത്രുവായ പിശാച് അവനിൽനിന്ന് അകന്നുനിൽക്കാൻ സുജൂദ് കാരണമാകുന്നു. ആദം നബിﷺക്ക് മുമ്പിൽ സുജൂദ് ചെയ്യാൻ അല്ലാഹു മലക്കുകളോടും ഇബ്‌ലീസിനോടും പറഞ്ഞ സന്ദർഭത്തിൽ അഹങ്കാരിയായ ഇബ്‌ലീസ് സുജൂദ് ചെയ്യാതെ മാറിനിൽക്കുകയും അല്ലാഹുവിന്റെ കൽപനയോട് അനുസരണക്കേട് കാണിക്കുകയും ചെയ്തു. അതിന് ഇബ്‌ലീസ് പറഞ്ഞ ന്യായം ഇതാണ്:

"...ഞാൻ അവനെക്കാൾ (ആദമിനെക്കാൾ) ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽനിന്നാണ് സൃഷ്ടിച്ചത്. അവനെ നീ സൃഷ്ടിച്ചത് കളിമണ്ണിൽനിന്നും" (ക്വുർആൻ 7:12).

ഇബ്‌ലീസ് ജിന്നുവർഗത്തിൽ പെട്ടവനാണ് (ക്വുർആൻ18:50). എന്നാലും ആ കൽപന അവനും ബാധകമായിരുന്നു. അവന്റെ അസൂയയും അഹന്തയും ധിക്കാരവും അവനെ സുജൂദ് ചെയ്യുവാൻ അനുവദിച്ചില്ല. അവൻ പറഞ്ഞ ന്യായം തന്നെ തീയിൽനിന്നും ആദമിനെ മണ്ണിൽനിന്നും സൃഷ്ടിച്ചതായിരിക്കെ, താൻ ആദമിനെക്കാൾ ഉത്തമനാണെന്നും അതുകൊണ്ടു താൻ ആദമിനു സുജൂദ് ചെയ്യേണ്ടതില്ലെന്നുമായിരുന്നു. സ്രഷ്ടാവിനോടു കാണിക്കുന്ന അനുസരണക്കേടിന്റെ അനന്തരഫലം അവൻ ആലോചിച്ചില്ല. അവൻ പറഞ്ഞ ന്യായമനുസരിച്ച് സുജൂദ് ചെയ്യാതിരിക്കുവാൻ അവനെക്കാൾ അർഹത മലക്കുകൾക്കായിരുന്നുവെന്ന് അവൻ ചിന്തിച്ചില്ല.അവർ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടവരാണല്ലോ.

അബൂഹുറയ്റ(റ) നിവേദനം; നബിﷺ പറഞ്ഞു: "ആദം സന്തതി സുജൂദിന്റെ ആയത്ത് പാരായണം ചെയ്യുകയും സുജൂദ് ചെയ്യുകയും ചെയ്താൽ പിശാച് സുജൂദ് ചെയ്യുന്നവനിൽനിന്ന് അകന്നു നിൽക്കുകയും കരയുകയും ചെയ്യും. എന്റെ നാശമേ എന്ന് അവൻ പറയുകയും ചെയ്യും." (അബൂകുറയ്ബിന്റെ നിവേദനത്തിൽ ഇങ്ങനെയുമുണ്ട്: "ഓ, നാശം, ആദം സന്തതിയോട് സുജൂദ് ചെയ്യാൻ കൽപിച്ചു. അപ്പോൾ അവൻ സുജൂദ് ചെയ്തു. അങ്ങനെ അവന് സ്വർഗം ലഭിച്ചു. എന്നോടും സുജൂദ് ചെയ്യാൻ കൽപിച്ചു. ഞാൻ വിസമ്മതിച്ചു. അങ്ങനെ എനിക്ക് നരകം ലഭിച്ചു" (മുസ്‌ലിം).

**4. സ്വർഗത്തിലേക്ക് അടുപ്പിക്കുന്ന കർമം**

വിശ്വാസികൾ സദാ പ്രാർഥിക്കുന്നതും പരിശ്രമിക്കുന്നതും ഇഹലോകജീവിതത്തിനപ്പുറം പരലോകജീവിത്തിലെ വിജയത്തിനും സ്വർഗത്തിനും വേണ്ടിയായിരിക്കണം. സ്വർഗീയ ജീവിതം കരസ്ഥമാക്കാൻ വിശ്വാസിക്ക് ഏറെ മുതൽക്കൂട്ടാകുന്ന ഒന്നാണ് അല്ലാഹുവിനുള്ള സുജൂദ്.

മഅ്ദാനുബ്നു ത്വൽഹ അൽയഅ്മരി(റ)യിൽ നിന്ന്; അദ്ദേഹം പറഞ്ഞു: "നബിﷺയുടെ മൗലയായ ഥൗബാൻ(റ)വിനെ ഞാൻ കണ്ടു. അപ്പോൾ ഞാൻ ചോദിച്ചു: 'പ്രവർത്തിച്ചാൽ അല്ലാഹു എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്ന ഒരു കർമത്തെക്കുറിച്ച് എനിക്ക് അറിയിച്ചുതന്നാലും.' അല്ലെങ്കിൽ ഞാൻ ചോ

**ഏതൊരു വിശ്വാസിയുടെയും ഏറ്റവും വലിയ ആഗ്രഹമാണ് പ്രവാചകന്റെ കൂടെ സഹവസിക്കുക എന്നത്. ഈ ദുനിയാവിൽ അതിനുള്ള സൗഭാഗ്യം ലഭിച്ചത് പ്രവാചകന്റെ കൂടെ ജീവിച്ച പ്രഥമ സംബോധിതരായ സ്വഹാബിമാർക്കാണ്. അവരാണ് നബിﷺയുടെ കൂടെ രാവും പകലും കഴിച്ചുകൂട്ടിയത്. പ്രവാചകന് താങ്ങും തണലുമായി അവർ വർത്തിച്ചു. പ്രവാചകന്റെ ജീവിതം അവർ കൂടെനടന്ന് ഒപ്പിയെടുത്തു. അവർ ആ തിരുമുഖം കൊതിതീരുവോളം കണ്ടു. എന്നിട്ടും അവരുടെ ആഗ്രഹം ഇഹലോക ജീവിതത്തിൽ മാത്രമല്ല, പരലോക ജീവിതത്തിലും ആ പ്രവാചകൻ തങ്ങളോടൊപ്പം സഹവസിക്കണം എന്നുതന്നെയാണ്. അതിനുവേണ്ടി അവർ പ്രയത്നിച്ചു.**

ദിച്ചു: 'അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം ഏതാണ്?' അപ്പോൾ അദ്ദേഹം മിണ്ടിയില്ല. വീണ്ടും ചോദിച്ചു. അപ്പോഴും ഒന്നും മിണ്ടിയില്ല. മൂന്നാം തവണയും ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഇതിനെക്കുറിച്ച് ഞാൻ നബിﷺയോട് ചോദിച്ചപ്പോൾ അവിടുന്ന് എന്നോട് പറഞ്ഞു: 'അല്ലാഹുവിനുള്ള സുജൂദിനെ നീ വർധിപ്പിക്കുക. കാരണം, നീ ഒരു സുജൂദും ചെയ്യുന്നില്ല; അതുമുഖേന അല്ലാഹു നിന്റെ പദവി ഉയർത്തിയിട്ടല്ലാതെ, ഒരു പാപം അല്ലാഹു പൊറുത്തുതന്നിട്ടല്ലാതെ" (മുസ്‌ലിം: 488).

സുജൂദ് നിർവഹിക്കൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട പ്രവൃത്തിയാകുന്നു. സ്വർഗപ്രവേശനത്തിന് കാരണമായിത്തീരുന്ന കർമവുമാണ് സുജൂദ്. ഒരു വിശ്വാസി നിർവഹിക്കുന്ന ഓരോ സുജൂദിനും അവന്റെ പദവി ഉയർന്നുകൊണ്ടേയിരിക്കുന്നു. മാത്രവുമല്ല. സുജൂദുകൊണ്ട് പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ ധാരാളം സുജൂദ് നിർവഹിക്കുന്നവർ എത്ര വലിയ സൗഭാഗ്യവാന്മാരായിരിക്കും.

### 5. സ്വർഗത്തിൽ നബിﷺയോടൊപ്പം സഹവസിക്കാനുള്ള സൗഭാഗ്യം

ഏതൊരു വിശ്വാസിയുടെയും ഏറ്റവും വലിയ ആഗ്രഹമാണ് പ്രവാചകന്റെ കൂടെ സഹവസിക്കുക എന്നത്. ഈ ദുനിയാവിൽ അതിനുള്ള സൗഭാഗ്യം ലഭിച്ചത് പ്രവാചകന്റെ കൂടെ ജീവിച്ച പ്രഥമ സംബോധിതരായ സ്വഹാബിമാർക്കാണ്. അവരാണ് നബിﷺയുടെ കൂടെ രാവും പകലും കഴിച്ചുകൂട്ടിയത്. പ്രവാചകന് താങ്ങും തണലുമായി അവർ വർത്തിച്ചു. പ്രവാചകന്റെ ജീവിതം അവർ കൂടെനടന്ന് ഒപ്പിയെടുത്തു. അവർ ആ തിരുമുഖം കൊതിതീരുവോളം കണ്ടു. എന്നിട്ടും അവരുടെ ആഗ്രഹം ഇഹലോക ജീവിതത്തിൽ മാത്രമല്ല, പരലോക ജീവിതത്തിലും ആ പ്രവാചകൻ തങ്ങളോടൊപ്പം സഹവസിക്കണം എന്നുതന്നെയാണ്. അതിനുവേണ്ടി അവർ പ്രയത്നിച്ചു. സ്വർഗത്തിൽ തന്റെ സഹവാസം ആഗ്രഹിച്ച ഒരു സ്വഹാബിയോട് നബിﷺ ആവശ്യപ്പെട്ടത് അതിനായി സുജൂദ് വർധിപ്പിക്കുവാനാണ്.

റബീഅത്ത് ഇബ്നു കഅ്ബ് അൽ അസ്‌ലമി ﵁ (നബിﷺയുടെ സേവകനായിരുന്നു) നിവേദനം; അദ്ദേഹം പറഞ്ഞു: "ഞാനൊരിക്കൽ രാത്രി നബിﷺയുടെ കൂടെ കഴിച്ചുകൂട്ടുകയായിരുന്നു. അപ്പോൾ നബിﷺക്ക് അംഗശുദ്ധി വരുത്താനാവശ്യമായ വെള്ളം കൊണ്ടുവന്ന് നൽകിയപ്പോൾ അവിടുന്ന്എന്നോട് പറഞ്ഞു: 'താങ്കൾക്ക് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ എന്നോട് ചോദിക്കുക.' അപ്പോൾ ഞാൻ പറഞ്ഞു: 'സ്വർഗത്തിൽ താങ്കളുടെ സാമീപ്യം ഞാൻ ചോദിക്കുന്നു.' അപ്പോൾ നബിﷺ ചോദിച്ചു: 'അതല്ലാതെ മറ്റുവല്ലതുമുണ്ടോ?' അപ്പോൾ ഞാൻ പറഞ്ഞു: 'എനിക്കതുമതി.' അപ്പോൾ നബിﷺ പറഞ്ഞു: എങ്കിൽ സുജൂദുകൾ അധികരിപ്പിച്ചുകൊണ്ട് താങ്കൾ എന്നെ ആ വിഷയത്തിൽ സഹായിക്കുക" (മുസ്‌ലിം: 489).



നോക്കൂ, പ്രവാചകന്റെ സാമീപ്യം കൊതിച്ച സ്വഹാബിയോട് പ്രവാചകൻ ആവശ്യപ്പെട്ടത് അതിന് വേണ്ടി സുജൂദ് വർധിപ്പിക്കുക എന്നാണ്. ധാരാളം സുജൂദ് നിർവഹിക്കുന്നതിലൂടെ പരലോകത്ത് സ്വർഗത്തിൽ പ്രവാചക സാമീപ്യം നേടിയെടുക്കാം. അല്ലാഹു നമ്മെ അതിനു അനുഗ്രഹിക്കട്ടെ.

### 6. അല്ലാഹുവിലേക്ക് ഏറ്റവും അടുക്കുന്ന സമയം

ഉടമസ്ഥനായ അല്ലാഹുവിലേക്ക് ഒരു അടിമ ഏറ്റവും കൂടുതൽ അടുക്കുന്നത് അവൻ സുജൂദ് ചെയ്യുന്ന സന്ദർഭത്തിലാണ്.


"നിസ്സംശയം; നീ അവനെ അനുസരിച്ചു പോകരുത്, നീ പ്രണമിക്കുകയും സാമീപ്യം നേടുകയും ചെയ്യുക" (ക്വുർആൻ 96:19).

അബൂഹുറയ്റ ﵁ നിവേദനം; നബിﷺ പറഞ്ഞു: "ഒരു അടിമ അല്ലാഹുവിലേക്ക് ഏറ്റവും അടുക്കുന്നത് അവൻ സുജൂദിലായിരിക്കെയാണ്. അതിനാൽ നിങ്ങൾ സുജൂദിൽ പ്രാർഥന അധികരിപ്പിക്കുക" (മുസ്‌ലിം: 482).

**(അവസാനിച്ചില്ല)**

കവർ സ്റ്റോറി

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# ഗുരുജി ഗോൾവാൾക്കറുടെ നാമകരണത്തിലെ മതവും രാഷ്ട്രീയവും

**തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ രണ്ടാം കാമ്പസിന് എം.എസ് ഗോൾവാൾക്കറുടെ പേരു നൽകാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം വിവാദങ്ങൾക്ക് തിരികൊളുത്തിയിരിക്കുകയാണ്. ആരായിരുന്നു ഗോൾവാൾക്കർ? അദ്ദേഹത്തിന്റെ പേര് കാമ്പസിനു നൽകുന്നതിലെ അനൗചിത്യമെന്ത്? ഒരു വിശകലനം.**

തിരുവനന്തപുരത്തെ രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ രണ്ടാമത്തെ കാമ്പസിന് ആർഎസ്എസ് സർസംഘ്ചാലക് ആയിരുന്ന എംഎസ് ഗോൾവാൾക്കറുടെ പേര് നൽകാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം വിവാദമായിരിക്കുകയാണല്ലോ.

ഹിന്ദു ബനാറസ് സർവകലാശാലയിൽ സുവോളജി അധ്യാപകനായിരുന്ന ഗോൾവാൾക്കറുടെ പേരു നൽകരുത് എന്നു പറയുന്നത് എന്ത് അയോഗ്യതയുടെ അടിസ്ഥാനത്തിലാണ് എന്ന് കേന്ദ്ര മന്ത്രി വി മുരളീധരൻ ചോദിച്ചതായി 7-12-2020ലെ പത്രങ്ങളിൽ കാണാനിടയായി.

നെഹ്‌റു ഏതു വള്ളം തുഴഞ്ഞിട്ടാണ് ആലപ്പുഴയിലെ വള്ളംകളിക്കു നെഹ്‌റു ട്രോഫി വള്ളംകളി എന്നു പേരിട്ടത് എന്ന 'വായടപ്പൻ' ചോദ്യവും അദ്ദേഹം ചോദിക്കുന്നുണ്ട്!

ഒരു സ്ഥാപനത്തിന് പേരു നൽകുന്നത് അത് ഏതുതരം സ്ഥാപനമാണോ അതുമായി ബന്ധപ്പെട്ട മഹാന്റെതായിരിക്കുന്നത് ഉചിതമാണന്നതിൽ സംശയമില്ല. എന്നാൽ രാഷ്ട്രശിൽപികളും സ്വാതന്ത്ര്യസമരനേതാക്കളും പോലുള്ളവരുടെ പേര് ഏതുതരം സ്ഥാപനത്തിനും നൽകുന്നതിൽ അപാകതയൊന്നുമില്ല. അത് അവർ രാജ്യത്തിനു നൽകിയ സേവനങ്ങളുടെയും സംഭാവനകളുടെയും അടിസ്ഥാനത്തിലും അവരെ സ്മരിക്കുന്നതിനുകൂടിയുമാണ്.

ആർഎസ്എസ്സോ ബിജെപിയോ സ്വന്തം സംഘടനയുടെ ചെലവിൽ തുടങ്ങുന്ന ഒരു സ്ഥാപനത്തിന് സവർക്കറുടെയോ ഗോൾവാൾക്കറുടെയോ പേരിടുന്നതിൽ ആർക്കും എതിർപ്പുണ്ടാകാൻ തരമില്ല; ഒരുപക്ഷേ, അവർക്കിടയിലേ അതിൽ വല്ല തർക്കവും ഉണ്ടാകാനിടയുള്ളൂ. എന്നാൽ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനത്തിന് പേരുനൽകുമ്പോൾ അതിൽ അൽപം ഔചിത്യബോധം കാണിക്കൽ അനിവാര്യമാണ്.

ഗോൾവാൾക്കർ സുവോളജി അധ്യാകപനായിരുന്നു എന്നതാണ് മന്ത്രി ചൂണ്ടിക്കാണിക്കുന്ന ഏക യോഗ്യത! പറയുന്നതു കേട്ടാൽ തോന്നും ഇന്ത്യകണ്ട ഏക സുവോളജി അധ്യാപകനാണ് ഗോൾവാൾക്കർ എന്ന്.

എന്തുകൊണ്ട് ഗോൾവാൾക്കറുടെ പേര് പാടില്ല എന്ന മന്ത്രി മുരളീധരന്റെയും മറ്റു സംഘപരിവാറുകാരുടെയും ചോദ്യത്തിന് പറയാൻ നമ്മുടെ പക്കൽ ഉത്തരങ്ങൾ ഏറെയുണ്ട്.

രാജ്യത്തെ ഒരു ഉന്നത സ്ഥാപനത്തിന് ഒരു വ്യക്തിയുടെ പേരുനൽകുകയാണെങ്കിൽ അത് രാജ്യത്തോടും രാജ്യത്തെ ഭരണഘടനയോടും കൂറുള്ളയാളുടെതായിരിക്കണം. സ്വാതന്ത്ര്യസമര കാലത്തുള്ള വ്യക്തിയെയാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ സ്വാതന്ത്ര്യസമര രംഗത്ത് മികച്ച സംഭാവനകളർപ്പിച്ചയാളായിരിക്കണം. സ്വാതന്ത്ര്യസമരത്തിൽ യാതൊരു പങ്കും വഹിക്കാത്ത, ഭരണഘടനയെ വിമർശിച്ച, ഇന്ത്യയെ മതരാഷ്ട്രമാക്കുവാൻ താത്വികാടിത്തറ പാകിയ ഒരു വ്യക്തിയുടെ പേര് നൽകുന്നത് രാജ്യത്തോടുതന്നെ ചെയ്യുന്ന അനീതിയാണ്. അത്തരത്തിലുള്ള നിലപാട് സ്വീകരിച്ച വ്യക്തിയായിരുന്നു ഗോൾവാൾക്കർ എന്നതിന് തെളിവുകൾ എമ്പാടുമുണ്ട്.

മലയാളത്തിന്റെ പ്രിയ കവി ഒ.എൻ.വി കുറുപ്പിന്റെ ഈ വരികൾ ശ്രദ്ധിക്കുക: "ഗാന്ധിജി വെടിയേറ്റ് മരിക്കുന്നതിന് ഒരാഴ്ച മുമ്പ് തിരുവനന്തപുരം തൈക്കാട് മൈതാനിയിൽ ആർ.എസ്എസിന്റെ ഒരു യോഗം നടക്കുന്നു. ഗുരുജി ഗോൾവാൾക്കർ ആണ് പ്രഭാഷകൻ. ദേശീയ ഐക്യത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ച് അദ്ദേഹം എന്ത് പറയുന്നു എന്ന് കേൾക്കാൻ കോളേജിൽനിന്ന് ഞാനുൾപ്പെടെ ഒരു ചെറിയ സംഘം തൈക്കാട്ടേക്ക് പോയി. ഗോൾവാക്കർ അതിനിശിതമായി ഗാന്ധിജിയെ വിമർശിച്ച് സംസാരിക്കുന്നു.

എന്റെ ഓർമ്മ ശരിയാണെങ്കിൽ മലയാറ്റൂരും കരുനാഗപ്പള്ളി കാർത്തികേയനും യോഗാനന്തരം ചില ചോദ്യങ്ങൾ ഗോൾവാക്കറോട് ചോദിച്ചു. ശാന്തമായി മറുപടി പറയുന്നതിന് പകരം അയാൾ ഞങ്ങളെ തല്ലാൻ മൗനാനുവാദം നൽകുകയാണുണ്ടായത്. യോഗത്തിലുണ്ടായിരുന്നവർ ഞങ്ങളെ തല്ലാൻ തുടങ്ങി. ഞങ്ങളും തിരിച്ചു തല്ലി.

രണ്ടാഴ്ച കഴിഞ്ഞ് ഒരു ദിവസം കോളേജിൽനിന്ന് ഹോസ്റ്റലിൽ എത്തിയപ്പോഴാണ് ഗാന്ധിജി വെടിയേറ്റു മരിച്ച വിവരം അറിയുന്നത്. കനത്ത ദുഃഖത്തോടെ തൈക്കാട് മൈതാനത്തിന് സമീപത്ത് കൂടെ ഞങ്ങൾ നടന്നുപോകുമ്പോൾ അതിനടുത്ത് ഒരു ആർഎസ്എസുകാരന്റെ വീട്ടിൽ മധുര പലഹാരം വിതരണം ചെയ്യുന്നത് കണ്ട് അക്രമത്തിന് തുനിഞ്ഞ ഞങ്ങളെ വരദരാജൻ നായർ സമാധാനിപ്പിച്ച് കറുത്ത ബാഡ്ജ് ധരിപ്പിച്ച് ഒരു മൗന ജാഥയാക്കി

> **രാജ്യത്തെ ഒരു ഉന്നത സ്ഥാപനത്തിന് ഒരു വ്യക്തിയുടെ പേരുനൽകുകയാണെങ്കിൽ അത് രാജ്യത്തോടും രാജ്യത്തെ ഭരണഘടനയോടും കൂറുള്ളയാളുടെതായിരിക്കണം. സ്വാതന്ത്ര്യസമര കാലത്തുള്ള വ്യക്തിയെയാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ സ്വാതന്ത്ര്യസമര രംഗത്ത് മികച്ച സംഭാവനകളർപ്പിച്ചയാളായിരിക്കണം. സ്വാതന്ത്ര്യസമരത്തിൽ യാതാരു പങ്കും വഹിക്കാത്ത, ഭരണഘടനയെ വിമർശിച്ച, ഇന്ത്യയെ മതരാഷ്ട്രമാക്കുവാൻ താത്വികാടിത്തറ പാകിയ ഒരു വ്യക്തിയുടെ പേര് നൽകുന്നത് രാജ്യത്തോടുതന്നെ ചെയ്യുന്ന അനീതിയാണ്. അത്തരത്തിലുള്ള നിലപാട് സ്വീകരിച്ച വ്യക്തിയായിരുന്നു ഗോൾവാൾക്കർ എന്നതിന് തെളിവുകൾ എമ്പാടുമുണ്ട്.**

മാറ്റി. വർഷങ്ങൾക്ക് ശേഷം ഇന്നും ഗോൾവാക്കറുടെ പ്രസംഗവും മധുര പലഹാര വിതരണവും എന്റെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന ഓർമ്മയായി അവശേഷിക്കുന്നു"(കലാകൗമുദി, 1991 ഫെബ്രുവരി 10).




'നമ്മൾ, അഥവാ നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു' എന്ന പുസ്തകത്തിൽ ഗോൾവാൾക്കർ ഹിന്ദു മുസ്‌ലിം വിദ്വേഷത്തിന്റെതായ ആർഎസ്എസ് നിലപാടിന്റ പരസ്യമായ വിളംബരമാണ് നടത്തിയിട്ടുള്ളത്.

'നാം ഹിന്ദുക്കളും മുസ്‌ലിംകളും ബ്രിട്ടീഷുകാരും എക്കാലത്തും ത്രികോണയുദ്ധത്തിലായിരുന്നു'വെന്ന് പറയുന്ന ഗോൾവാൾക്കറുടെ ഉപദേശത്തിലുടനീളം മതന്യൂനപക്ഷങ്ങൾക്കെതിരായ വിദ്വേഷത്തിന്റെ നുരയുംപതയുമാണ് കാണുവാൻ കഴിയുക. മെയ്ൻകാംഫിൽ ഹിറ്റ്ലർ പറഞ്ഞതുപോലെ ഗോൾവാൾക്കർ ന്യൂനപക്ഷങ്ങളെ ഉപദേശിക്കുന്നത് കാണുക:

"ഹിന്ദുസ്ഥാനിലെ വിദേശ വംശജർ ഒന്നുകിൽ ഹൈന്ദവ സംസ്കാരവും ഭാഷയും സ്വീകരിക്കുകയും ഹിന്ദുമതത്തെ ആദരിക്കാനും അതിനു ശ്രേഷ്ഠസ്ഥാനം നൽകാനും പഠിക്കുകയും ഹിന്ദുത്വത്തെയും സംസ്കാരത്തെയും, അതായത് ഹിന്ദുരാഷ്ട്രത്തെ വാഴ്ത്തുന്നതൊഴികെ മറ്റൊരാശയവും വെച്ചുപുലർത്താതിരിക്കുകയും വ്യത്യസ്തമായ അസ്തിത്വം കൈവെടിഞ്ഞ് ഹിന്ദുവംശത്തിൽ ലയിക്കുകയും ചെയ്യണം" (വിചാരധാര).

ചരിത്രപരമായ അവകാശവാദങ്ങൾ നിരത്തിയാണ് സിയോണിസ്റ്റുകൾ ഫലസ്തീനിലേക്ക് കുടിയേറിപ്പാർത്തതും ഫലസ്തീൻകാരെ കൊന്നൊടുക്കിയും ആട്ടിയോടിച്ചും ഇസ്റായേൽ രാജ്യം സ്ഥാപിച്ചതും. അതേപോലെ ചരിത്രപരമായ അവകാശവാദങ്ങളുന്നയിച്ചാണ് ഗോൾവാൾക്കറും ഹെഡ്ഗേവാറും മറ്റും ഇന്ത്യയുടെ മൊത്തക്കുത്തക തങ്ങൾക്കാണെന്ന് പറഞ്ഞതും മുസ്‌ലിംകളും ക്രിസ്ത്യാനികളുമെല്ലാം വിദേശവംശജരാണെന്നും ഹൈന്ദവ സംസ്കാരത്തിൽ ലയിച്ചുചേരുവാൻ കൂട്ടാക്കുന്നില്ലെങ്കിൽ ഇന്ത്യയിൽ അവർക്ക് സ്ഥാനമില്ലെന്ന് പ്രഖ്യാപിച്ചതും. ആ പ്രഖ്യാപനങ്ങളുടെ സാക്ഷാത്കാരത്തിനായി ഇന്ത്യൻ ഫാസിസ്റ്റുകൾ ആത്മാർഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് പകൽപോലെ വ്യക്തമാണ്. പൗരത്വഭേദഗതി നിയമം ഒരു ഉദാഹരണം മാത്രം.

ജർമനിയിലെ ഹിറ്റ്ലറുടെ ഫാസിസം, ഇറ്റലിയിലെ മുസോളിനിയുടെ നാസിസം, ഇസ്റായേലിലെ സയണിസം എന്നിവ ക്രൂരതയുടെയും മനുഷ്യത്വരാഹിത്യത്തിന്റെയും അടിച്ചമർത്തലിന്റെയും പ്രത്യയശാസ്ത്രങ്ങളാണെന്നതിൽ അഭിപ്രായവ്യത്യാസമില്ല. അവയുമായെല്ലാം നേരിൽ ബന്ധപ്പെട്ട, അവയുടെ മാതൃക പിൻപറ്റുകയും അവയിൽനിന്ന് ആവേശം ഉൾക്കൊള്ളുകയും ചെയ്ത പാരമ്പര്യം ഗോൾവാൾക്കറുടെ തത്ത്വശാസ്ത്രത്തിനാണെന്ന യാഥാർഥ്യം നിഷേധിക്കുവാൻ കഴിയില്ല.

"ഫാസിസത്തിന്റെ വസന്തകാലമായിരുന്ന 1939 മുതലേ സവർക്കറും അദ്ദേഹം നയിച്ച ഹിന്ദുമഹാസഭയും ആത്യന്തികമായി തെരഞ്ഞെടുത്ത അന്താരാഷ്ട്ര മാതൃക ഫാസിസ്റ്റ് ജർമനിയുടെതായിരുന്നു. 1939 മാർച്ച് 25ന് ഹിന്ദുമഹാസഭയുടെതായി ഇറക്കിയ പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു: "ആര്യസംസ്കാരത്തിന്റെ ആത്മീയ ഉണർച്ചയ്ക്കുള്ള ജർമനിയുടെ ആശയഗതിയും സ്വസ്തികയുടെ മഹിമവൽകരണവും, ഇന്ത്യയിലെ മതബോധവും വിവേകവുമുള്ള ഹിന്ദുക്കൾ സ്വാഗതം ചെയ്യുന്നു" (മതം, മാർക്സിസം, മതേതരത്വം, നൈനാൻ കോശി, പേജ് 49).

'എക്കണോമിക്ക് ആൻറ് പൊളിറ്റിക്കൽ വീക്കിലി'യിലെഴുതിയ '1930കളിലെ ഹിന്ദുത്വത്തിൻെറ വൈദേശിക ബന്ധങ്ങൾ' എന്ന ലേഖനത്തിൽ (ജനുവരി 22, 2000) മാർസിയ കാസലാരി, ഹിന്ദുത്വത്തിന്റെ ആവിർഭാവത്തിലും വളർച്ചയിലുമുള്ള വിദേശബന്ധത്തിന് ശക്തമായ തെളിവ് ഹാജരാക്കിയിരുന്നു:

"ഹിന്ദു ദേശീയ പ്രസ്ഥാനങ്ങളും അതിലുപരി അവരുടെ പ്രതിയോഗികളും പൊലീസും സൃഷ്ടിച്ച പ്രാഥമിക രേഖകളുടെ സൂക്ഷ്മമായ പരിശോധന ഇറ്റാലിയൻ ഫാസിസവും ഹിന്ദുസംഘടനകളുമായുള്ള ബന്ധം വെളിച്ചത്തുകൊണ്ടുവരുന്നവയാണ്. വളരെ പ്രധാനപ്പെട്ട ഹിന്ദു ദേശീയ പ്രസ്ഥാനങ്ങൾ യഥാർഥത്തിൽ ബോധപൂർവമായി ഫാസിസ്റ്റ് ആശയങ്ങൾ പിന്തുടർന്നു എന്നു മാത്രമല്ല ഫാസിസ്റ്റ് ഇറ്റലിയുമായി വളരെ അടുത്ത ബന്ധം പുലർത്തുകയും ചെയ്തു."

"ഫാസിസ്റ്റ് ഭരണകൂടവുമായും മുസോളിനിയുമായും ബന്ധം പുലർത്തിയ ആദ്യ ഹിന്ദുദേശീയവാദി ബി.എസ് മുൺജെ എന്ന ആർ.എസ്.എസ് നേതാവായിരുന്നു. ഹെഡ്ഗെവാറിന്റെ ഉപദേഷ്ടാവും ആത്മാർഥ സുഹൃത്തുമായിരുന്നു മുൺജെ. 1931 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വട്ടമേശ സമ്മേളനത്തിൽ പോയി മടങ്ങിവന്ന വേളയിൽ മുൺജെ യൂറോപ്പാകെ ചുറ്റിസഞ്ചരിച്ചു. ഇറ്റലി സന്ദർശിക്കാനാണ് ഏറെ സമയം ചെലവഴിച്ചത്. അവിടെ അദ്ദേഹം വളരെ പ്രധാനപ്പെട്ട സൈനിക സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദർശിച്ചു. വളരെ പ്രാധാന്യം അർഹിക്കുന്നത് അദ്ദേഹം മുസോളിനിയെ സന്ദർശിച്ചതാണ്" (മതം, മാർക്സിസം, മതേതരത്വം, നൈനാൻ കോശി, പേജ് 48).

ആർഎസ്എസ് ഒരു ഫാസിസ്റ്റ് സംഘടനയാണെന്ന്, ഹെഡ്ഗെവാറിന്റെ ഉപദേഷ്ടാവും ആർ.എസ്.എസ് നേതാവുമായിരുന്ന മുൺജെ ഇറ്റലി സന്ദർശന വേളയിൽ ഫാസിസ്റ്റ് സംഘടനയായ ബലീലയെ പ്രകീർത്തിച്ചുകൊണ്ട് എഴുതവെ ഡയറിയിൽ കുറിച്ചിട്ടുണ്ട്! കാണുക: "ഫാസിസ്റ്റ് ആശയം ശരിക്കും ജനങ്ങൾക്കിടയിൽ ഐക്യം എന്ന ധാരണ സ്പഷ്ടമാക്കുന്നു... ഇന്ത്യക്ക്, പ്രത്യേകിച്ച് ഹിന്ദു ഇന്ത്യക്ക് സൈനികവൽകരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും അത്തരം ഒരു സംഘടന ആവശ്യമാണ്. തികച്ചും സ്വതന്ത്രമായി ആവിഷ്കരിച്ചതാണെങ്കിലും നമ്മുടെ സംഘടനയായ രാഷ്ട്രീയ സ്വയം സേവക സംഘം അത്തരത്തിലൊന്നാണ്" (മതം, മാർക്സിസം, മതേതരത്വം, നൈനാൻ കോശി, പേജ് 48-49).

ഗോൾവാൾക്കറുടെ 'വിചാരധാര'യിലെ 'ആന്തരിക ഭീഷണികൾ' എന്ന അധ്യായത്തിലെ മൂന്ന് ഉപശീർഷകങ്ങൾ അവർ എത്രത്തോളം ന്യൂനപക്ഷങ്ങൾക്കും കമ്യൂണിസ്റ്റുകൾക്കും എതിരാണെന്നതിന്റെ വ്യക്തമായ അടയാളമാണ്. കൊളോണിയൽ ഭരണത്തിന്റെ പരിലാളനയിൽ ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ച ആർഎസ്എസിന് ഇന്ത്യയിൽനിന്ന് നിർമാർജനം ചെയ്യേണ്ട ശത്രുക്കൾ മുസ്ലിംകളും ക്രിസ്ത്യാനികളും കമ്യൂണിസ്റ്റുകളുമാണ്.

ഗോൾവാൾക്കറുടെ 'വിചാരധാര'യും ഹിറ്റ്ലറുടെ ആത്മകഥയായ 'മെയ്ൻകാംഫും' വായിക്കുന്ന ഒരാൾക്ക് രണ്ടും ഒരേ രീതിശാസ്ത്രമാണ് തുടരുന്നത് എന്ന് എളുപ്പം മനസ്സിലാകും. ഹിറ്റ്ലറുടെ ജൂതമതവിദ്വേഷത്തിന്റെതായ നാസിമാതൃകയിൽ ഗോൾവാൾക്കർ ആവേശം കൊള്ളുന്നുണ്ട്:

"ഇന്ന് ലോകം ശ്രദ്ധിക്കുന്ന രാജ്യമാണ് ജർമനി. ഈ രാഷ്ട്രം ലക്ഷണമൊത്ത ദൃഷ്ടാന്തമാണ്... വംശത്തിന്റെയും സംസ്കാരത്തിന്റെയും വിശുദ്ധി നിലനിർത്താൻ ലോകത്തെ ഞെട്ടിച്ചുകൊണ്ട് ജർമനിസെമിറ്റിക് വിഭാഗക്കാരെ (ജൂതരെ) പുറത്താക്കി. വംശാഭിമാനം അതിന്റെ ഉച്ചകോടിയിൽ എത്തുന്ന

> **ചരിത്രപരമായ അവകാശവാദങ്ങൾ നിരത്തിയാണ് സിയോണിസ്റ്റുകൾ ഫലസ്തീനിലേക്ക് കുടിയേറിപ്പാർത്തതും ഫലസ്തീൻകാരെ കൊന്നൊടുക്കിയും ആട്ടിയോടിച്ചും ഇസ്റാഈൽ രാജ്യം സ്ഥാപിച്ചതും. അതേപോലെ ചരിത്രപരമായ അവകാശവാദങ്ങളുന്നയിച്ചാണ് ഗോൾവാൾക്കറും ഹെഡ്ഗേവാറും മറ്റും ഇന്ത്യയുടെ മൊത്തക്കുത്തക തങ്ങൾക്കാണെന്ന് പറഞ്ഞതും മുസ്ലിംകളും ക്രിസ്ത്യാനികളുമെല്ലാം വിദേശവംശജരാണെന്നും ഹൈന്ദവ സംസ്കാരത്തിൽ ലയിച്ചുചേരുവാൻ കൂട്ടാക്കുന്നില്ലെങ്കിൽ ഇന്ത്യയിൽ അവർക്ക് സ്ഥാനമില്ലെന്ന് പ്രഖ്യാപിച്ചതും. ആ പ്രഖ്യാപനങ്ങളുടെ സാക്ഷാത്കാരത്തിനായി ഇന്ത്യൻ ഫാസിസ്റ്റുകൾ ആത്മാർഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് പകൽപോലെ വ്യക്തമാണ്. പൗരത്വഭേദഗതി നിയമം ഒരു ഉദാഹരണം മാത്രം.**

കാഴ്ചയാണ് അവിടെ ദൃശ്യമാകുന്നത്. അടിസ്ഥാനപരമായി വ്യത്യസ്തമായ വംശങ്ങൾക്കും സംസ്കാരങ്ങൾകും ഒന്നായി വർത്തിക്കാൻ കഴിയില്ലെന്ന വസ്തുതയാണ് ജർമനി കാണിച്ചുതരുന്നത്... ഹിന്ദുസ്ഥാന് ഇതിൽനിന്നു നല്ലൊരു പാഠം പഠിക്കാനുണ്ട്." (വിചാരധാര).

ഹിന്ദുരാഷ്ട്രത്തിന്റെ മതം ഹിന്ദുമതമാണെങ്കിൽ ഹിന്ദുക്കളുടെ ദൈവം ആരാണെന്നുകൂടി ഗോൾവാൾക്കർ തന്റെ അനുയായികൾക്ക് പറഞ്ഞുകൊടുക്കുന്നുണ്ട്:

"മനുഷ്യന്റെ ജന്മദൗത്യം ഈശ്വര സാക്ഷാത്കാരമാണ്. ബിംബങ്ങളെ ആരാധിക്കുന്നതുകൊണ്ട് നമുക്ക് തൃപ്തിവരില്ല... ആവശ്യങ്ങൾ കേൾക്കുകയും തദനുസൃതമായി പ്രതികരിക്കുകയും ചെയ്യുന്ന ദൈവം ആണ് വേണ്ടത്. ജീവിക്കുന്ന ദൈവം. ദൈവം ഓരോ മനുഷ്യരിലും ഉണ്ടെന്ന വിവേകാനന്ദനെപ്പോലെയുള്ള ദാർശനികരുടെ നിർദേശം പ്രായോഗികമല്ല. മനുഷ്യവർഗത്തെ മുഴുവൻ സേവിക്കുകയെന്ന ആശയം ഏറ്റെടുത്തവർ ശൂന്യതയിലേക്കാണ് എത്തിയത്. അതുകൊണ്ട് മനുഷ്യവർഗമെന്ന വിശാല അർഥം ഉപേക്ഷിച്ച് 'ഹിന്ദു'ജനതയെന്ന പരിമിത അർഥം നമ്മൾ എടുത്താൽ മതി. ഹിന്ദുവെന്ന് അവർ പറഞ്ഞില്ലയെങ്കിലും മനുസ്മൃതി അത് വ്യക്തമാക്കുന്നുണ്ട്. അതായത് ബ്രാഹ്മണർ തലയും ക്ഷത്രിയർ ബാഹുക്കളും വൈശ്യർ ഉരുക്കളും ശൂദ്രർ പാദങ്ങളുമായ ചതുർവ്യവസ്ഥയിലെ ദൈവം-ജീവനുള്ള ദൈവം- ബ്രാഹ്മണനാണെന്നും ബ്രാഹ്മണനെ സേവിക്കുകയെന്നത് തന്നെയാണ് ഈശ്വരസേവയെന്നതിന്റെ അർഥമെന്ന് ഇതിലും വ്യക്തമായി പറഞ്ഞുതരുന്നതെങ്ങനെ?"(വിചാരധാര).

> എന്താണ് മനുസ്മൃതി നൽകുന്ന ഉത്തമ നിയമങ്ങൾ? ബ്രാഹ്മണരൊഴികെയുള്ളവരെ വധിക്കൽ നിസ്സാരമായ കുറ്റമാണ്. ശൂദ്രന്റെ സ്വത്ത് ബ്രാഹ്മണന് കീഴ്പെട്ടതാണ്. നായ്ക്കളും കുതിരകളുമായിരിക്കണം ശൂദ്രന്റെ സ്വത്ത്. അവർ പൊട്ടച്ചട്ടികളിൽ മാത്രം ഭക്ഷണം കഴിക്കണം. സ്ത്രീകൾക്ക് വേദത്തിന് അവകാശമില്ലാത്തതിനാൽ അവൾ അസത്യത്തിന് തുല്യയാണ്. ശൂദ്രന് വിദ്യ അഭ്യസിക്കാൻ അവകാശമില്ല. സ്ത്രീകൾ സ്വാതന്ത്ര്യം അർഹിക്കുന്നില്ല... ഇങ്ങനെ പോകുന്നു മനുവിന്റെ ധർമശാസ്ത്രം. ഇത് ഇന്ത്യയിൽ നടപ്പിലാക്കുവാൻ തന്ത്രങ്ങൾ മെനഞ്ഞ വ്യക്തിയാണ് ഗോൾവാൾക്കർ.

ബ്രാഹ്മണൻ സ്വയം ഈശ്വരനാണെന്നും അയാളുടെ പൂജയാണ് ഈശ്വരപൂജയെന്നും അയാളുടെ നീതിശാസ്ത്രമാണ് ഈശ്വരന്റെ നീതിശാസ്ത്രമെന്നും അതിന്റെ സംസ്ഥാപനമാണ് മനുഷ്യകർമമെന്നും പ്രഖ്യാപിക്കുന്ന ഗോൾവാൾക്കറെ അംഗീകരിക്കുവാൻ ഇന്ത്യയിലെ പൊതുസമൂഹത്തിനെന്നല്ല ഹൈന്ദവരിലെ തന്നെ ബഹുഭൂരിഭാഗത്തിനും സാധിക്കുമോ, ന്യൂനപക്ഷമായ സവർണവർഗത്തിനല്ലാതെ?

"ഹിന്ദുരാഷ്ട്രത്തെ പുനർനിർമിക്കുകയും ഇന്നത്തെ അവസ്ഥയിൽനിന്ന് മോചിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയ പ്രസ്ഥാനങ്ങൾ മാത്രമെ ശരിക്കും ദേശീയമായിരിക്കുകയുള്ളൂ. സ്വന്തം ഹൃദയത്തിന് തൊട്ടടുത്തായി ഹിന്ദുവംശത്തെയും ഹിന്ദുരാഷ്ട്രത്തെയും മഹത്ത്വവത്കരിക്കാനുള്ള അഭിലാഷത്താൽ പ്രചോദിതരായി പ്രവർത്തനനിരതമാവുകയും ലക്ഷ്യസാക്ഷാത്കാരത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്നവർ മാത്രമെ ദേശീയവാദികളായ ദേശാഭിമാനികളായിരിക്കുകയുള്ളൂ. മറ്റു സകലരും ഒന്നുകിൽ രാജ്യദ്രോഹികളും രാഷ്ട്രതാൽപര്യത്തിന്റെ ശത്രുക്കളോ അല്ലെങ്കിൽ ഔദാര്യപൂർവം പറഞ്ഞാൽ വിഡ്ഢികളോ ആകുന്നു"(വിചാരധാര).

നിരവധി ഭാഷകളുള്ള ഇന്ത്യയിൽ അവയ്ക്കോരോന്നിനും അതിന്റേതായ ചരിത്രവും സംസ്കാരവും പാരമ്പര്യവുമുണ്ടെങ്കിലും ഗോൾവാൾക്കർ അതെല്ലാം തള്ളിക്കളയുന്നു:

"ഭാഷാപരമായ ഐക്യം കമ്മിയാണെന്നും ഭാഷാവ്യത്യാസങ്ങൾ വേർതിരിക്കപ്പെട്ട 'രാഷ്ട്രങ്ങൾ' ആണുള്ളതെന്നും തോന്നാം. വാസ്തവത്തിൽ അങ്ങനെയല്ല. ഭാഷ ഒന്നേയുള്ളൂ; സംസ്കൃതം. മറ്റെല്ലാ ഭാഷകളും അതിന്റെ മുളകൾ അഥവാ മാതൃഭാഷയുടെ കുഞ്ഞുങ്ങൾ മാത്രം. ദേവഭാഷയായ സംസ്കൃതം ഹിമാലയംമുതൽ തെക്ക് സമുദ്രംവരെയും കിഴക്കുമുതൽ പടിഞ്ഞാറുവരെയും എല്ലാവർക്കും പൊതുവായുള്ളതാകണം."

"ഇവയ്ക്കെല്ലാമുള്ള പ്രചോദനത്തിന്റെ ഉറവിടം ഭാഷകളുടെ റാണിയും ദേവവാണിയുമായ സംസ്കൃതമാണ്. ആ ഭാഷയ്ക്കു മാത്രമെ അതിന്റെ സമ്പന്നതകൊണ്ടും പവിത്രബന്ധങ്ങൾകൊണ്ടും നമ്മുടെ ദേശീയബന്ധം നിലനിർത്തിപ്പോരുന്നതിനുള്ള മാധ്യമമാകാൻ കഴിയൂ. സംസ്കൃതം അത്യാവശ്യം കൈ



എന്താണ് മനുസ്മൃതി നൽകുന്ന ഉത്തമ നിയമങ്ങൾ? ബ്രാഹ്മണരൊഴികെയുള്ളവരെ വധിക്കൽ നിസ്സാരമായ കുറ്റമാണ്. ശൂദ്രന്റെ സ്വത്ത് ബ്രാഹ്മണന് കീഴ്പെട്ടതാണ്. നായ്ക്കളും കുതിരകളുമായിരിക്കണം ശൂദ്രന്റെ സ്വത്ത്. അവർ പൊട്ടച്ചട്ടികളിൽ മാത്രം ഭക്ഷണം കഴിക്കണം. സ്ത്രീകൾക്ക് വേദത്തിന് അവകാശമില്ലാത്തതിനാൽ അവൾ അസത്യത്തിന് തുല്യയാണ്. ശൂദ്രന് വിദ്യ അഭ്യസിക്കാൻ അവകാശമില്ല. സ്ത്രീകൾ സ്വാതന്ത്ര്യം അർഹിക്കുന്നില്ല... ഇങ്ങനെ പോകുന്നു മനുവിന്റെ ധർമശാസ്ത്രം. ഇത് ഇന്ത്യയിൽ നടപ്പിലാക്കുവാൻ തന്ത്രങ്ങൾ മെനഞ്ഞ വ്യക്തിയാണ് ഗോൾവാൾക്കർ.

'നാം, നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു' എന്ന പുസ്തകത്തിൽ രാഷ്ട്രത്തെ നിർവചിക്കുന്ന അഞ്ച് സവിശേഷതകൾ ഗോൾവാൾക്കർ അവതരിപ്പിക്കുന്നുണ്ട്. ഭൂമിശാസ്ത്രപരം, വംശീയം, മതപരം, സാംസ്കാരികം, ഭാഷാപരം എന്നിവയാണവ. ഇന്ത്യയിലെ ഹിന്ദുക്കൾക്ക് ഈ സവിശേഷതകളെല്ലാം ഉണ്ട് എന്ന് അദ്ദേഹം സ്ഥാപിക്കാൻ പാടുപെടുന്നുണ്ട്.

"മറിച്ചുള്ള ചരിത്രമെല്ലാം വ്യാജമാണ്. നമ്മുടെ ചരിത്രം നാം തന്നെ പഠിക്കുകയും മനസ്സിലാക്കുകയും എഴുതുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു" എന്ന് അദ്ദേഹം എഴുതുന്നു.

ഗോൾവാൾക്കറുടെ ഈ നിർദേശങ്ങൾ നടപ്പാക്കുന്നതിൽ 1998ൽ ദേശീയാധികാരത്തിൽ കയറിയതുമുതൽ ബിജെപി ശ്രമിച്ചുപോന്നിട്ടുണ്ട്. ഗുജറാത്തിലും രാജസ്ഥാനിലും സ്കൂൾ പാഠപുസ്തകങ്ങളിൽ ഈ 'സ്വന്തം ചരിത്രം'

കാര്യം ചെയ്യുവാനുള്ള കഴിവുനേടുക വലിയ പ്രയാസമുള്ള കാര്യവുമല്ല. നാളിതുവരെ നമ്മുടെ ദേശീയഐക്യത്തെ കൂട്ടിയിണക്കി നിർത്തിയ ഒരു ഘടകമാണത്. എന്നാൽ നിർഭാഗ്യവശാൽ ഇന്നതു സാധാരണ ഉപയോഗത്തിലില്ല. അതു നടപ്പിലാക്കുവാനാവശ്യമായ ധാർമികാഭിമാനവും ചങ്കൂറ്റവും നമ്മുടെ ഭരണാധികാരികൾക്കില്ലതാനും" (വിചാരധാര).

തമിഴിന്റെയോ മലയാളത്തിന്റെയോ ജന്മം സംസ്കൃതത്തിൽനിന്നല്ലെന്നതോ ഇന്തോ യൂറോപ്യൻ ഭാഷകളുടെ ശാഖയാണ് സംസ്കൃതമെന്നതോ ഇന്ത്യയിൽതന്നെ രൂപപ്പെട്ട ഉറുദുവിന്റെ തനിമ അംഗീകരിക്കുവാനോ ഗോൾവാൾക്കറും ആർഎസ്എസും തയ്യാറല്ല.

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിദ്യാഭ്യാസനയത്തിൽ സംസ്കൃതത്തിനു നൽകിയ അമിതപ്രാധാന്യത്തിന്റെയും ഉറുദുവിനെ പാടെ അവഗണിച്ചതിന്റെയും രഹസ്യം ഇതിൽനിന്നും വ്യക്തമാണല്ലോ.

ഹിറ്റ്ലറുടെ വംശോച്ഛാടന ഭരണവ്യവസ്ഥയെ മാതൃകയാക്കുന്ന ഗോൾവാൾക്കർ അത്തരം ഒരു രാഷ്ട്രത്തിലെ സാമൂഹ്യക്രമത്തിന് നിദാനമാക്കുന്നത് മനുസ്മൃതിയെയാണ്.

"ലോകത്തിലെ സകല ജനങ്ങളോടും ഹിന്ദുസ്ഥാനിൽ പോയി അവിടുത്തെ 'അഗ്രജരാ'യ ബ്രാഹ്മണരിൽനിന്ന് തങ്ങളുടെ കർത്തവ്യങ്ങൾ പഠിച്ചുകൊള്ളാൻ വിധിച്ച ഒന്നാമനും ഏറ്റവും വലിയവനുമായ നിയമദാതാവായി" അദ്ദേഹം മനുവിനെ വാഴ്ത്തുന്നുണ്ട്.

എഴുതിച്ചേർത്തുകഴിഞ്ഞിട്ട് വർഷങ്ങളായി.

ചുരുക്കിപ്പറഞ്ഞാൽ; എംഎസ് ഗോൾവാൾക്കർ എന്ന വ്യക്തി സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയാവാത്തയാളും സ്വാതന്ത്ര്യാനന്തരം ആധുനിക ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ ഒരു സംഭാവനയും നൽകാത്തയാളുമാണ്.

ഇന്ത്യയിലെ ബഹുമത സമൂഹത്തെ ഇല്ലായ്മചെയ്ത് ഏകശിലാത്മകമായ മതരാഷ്ട്ര സങ്കൽപം യാഥാർഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തയാളാണ്.

സ്വാതന്ത്ര്യം യാഥാർഥ്യമാവുക ഹിന്ദുരാഷ്ട്രത്തിൽ മാത്രമാണെന്നും അതുവരെ പാരതന്ത്ര്യം മാത്രമാണെന്നും പ്രഖ്യാപിച്ചയാളാണ്.

ഇന്ത്യൻ ഭരണഘടനയെ മനുസ്മൃതിയെ ഉൾക്കൊള്ളാത്തത്, ഹിന്ദുവിരുദ്ധം, അഭാരതീയം എന്നിങ്ങനെ ആക്ഷേപിച്ച് തള്ളിക്കളഞ്ഞയാളാണ്.

ശാസ്ത്ര ബോധത്തിന്റെയും മാനവികതയുടെയും സ്വതന്ത്ര ചിന്തയുടെയും ശത്രുപക്ഷത്ത് മാത്രം നിലയുറപ്പിച്ച ഒരു പ്രത്യയശാസ്ത്രത്തിന്റെ ആചാര്യനാണ് ഗോൾവാൾക്കർ.

മുസ്‌ലിംകളും ക്രിസ്ത്യാനികളും കമ്യൂണിസ്റ്റുകാരും ഹിന്ദു രാഷ്ട്രത്തിന്റെ ആന്തരിക ശത്രുക്കളാണെന്ന് പ്രഖ്യാപിച്ചയാളാണ്.

സെമിറ്റിക് വംശങ്ങളെ ഉൻമൂലനം ചെയ്ത് ലോകത്തെ ഞെട്ടിച്ച, വംശീയാഭിമാനം അതിന്റെ പരകോടിയിലെത്തിയ ജർമനിയിൽനിന്ന് ഹിന്ദുസ്ഥാന് പഠിക്കാനും പ്രയോജനപ്പെടുത്താനും നല്ലൊരു പാഠമുണ്ട് എന്നും ഹിന്ദുവംശത്തിൽ ഉൾപ്പെടാത്തവർക്ക് 'പൗരാവകാശങ്ങൾ' പോലും നൽകരുത് എന്നും പറഞ്ഞ് വെറുപ്പിന്റെ പ്രത്യയശാസ്ത്രം പ്രചരിപ്പിച്ച വ്യക്തിയാണ്.

ഗാന്ധിവധത്തിന്റെ പേരിൽ സർദാർ പട്ടേൽ ആർഎസ്എസിനെ നിരോധിച്ചപ്പോൾ അതിന്റെ മേധാവിയായിരുന്ന വ്യക്തിയാണ് ഗോൾവാൾക്കർ.

ഹിന്ദുസ്ഥാനിലെ വിദേശവംശജർ വ്യത്യസ്തമായ അസ്തിത്വം കൈവെടിഞ്ഞ് ഹിന്ദുവംശത്തിൽ ലയിക്കണം എന്നു പറഞ്ഞ്; നാനാത്വത്തിൽ ഏകത്വമെന്ന ഇന്ത്യയുടെ സവിശേഷതയെ തകർക്കാൻ ശ്രമിച്ചയാളാണ്.



ബ്രാഹ്മണനെ സേവിക്കുകയെന്നത് തന്നെയാണ് ഈശ്വരസേവയെന്നു പറഞ്ഞ് ബ്രാഹ്മണരെ മാത്രം മഹത്ത്വവത്കരിച്ച്, ബ്രാഹ്മണരല്ലാത്ത ഭൂരിപക്ഷത്തെയും അവരുടെ പാദസേവകരാക്കി മാറ്റുവാൻ ശ്രമിച്ചയാളാണ്.

ഇന്ത്യയിൽ നിലനിൽക്കുന്ന അനേകം ജീവൽ ഭാഷകളെ അവഗണിച്ച് സാധാരണ ഉപയോഗത്തിലില്ലാത്ത സംസ്കൃതഭാഷയെ ഇന്ത്യയുടെ പൊതുഭാഷയാക്കാൻ ആഹ്വാനം ചെയ്തയാളാണ്.

അപരിഷ്കൃതവും അമാനവികവുമായ നിയമനിർദേശങ്ങളുടെ സമാഹാരമായ മനുസ്മൃതിയെ താൻ സ്വപ്നം കാണുന്ന ഭാരതമെന്ന ഹിന്ദുരാഷ്ട്രത്തിന്റെ ഭരണഘടനയുടെ ഭാഗമാക്കാൻ ശ്രമിച്ചയാളാണ്.

ഇതൊക്കെ മതിയല്ലോ എംഎസ് ഗോൾവാൾക്കറുടെ പേര് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ കാമ്പസിന് നൽകാതിരിക്കാനുള്ള അയോഗ്യതയായി.

ഇങ്ങനെയൊരാളുടെ പേര് ഒരു ദേശീയ സ്ഥാപനത്തിന് നൽകുന്നത് അനീതിയും അക്രമവുമാണ്. എത്രയോ നല്ല സ്വാതന്ത്ര്യ സമരസേനാനികളും രാജ്യസ്നേഹികളും ശാസ്ത്രജ്ഞരും രാജ്യത്ത് കഴിഞ്ഞുപോയിട്ടുണ്ട്. എന്നിട്ടും ഇങ്ങനെയൊരാളെത്തന്നെ തെരഞ്ഞെടുക്കുന്നതിന്റെ രാഷ്ട്രീയം മനസ്സിലാക്കാൻ കഴിയാത്തവരല്ല കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ എന്നേ പറയാനുള്ളൂ.




## നേർപഥം ഓൺലൈൻ മെഗാ ക്വിസ് നിബന്ധനകൾ

- കഴിഞ്ഞ പത്തൊൻപത് ലക്കങ്ങളായി നടന്നു വരുന്ന നേർപഥം ഓൺലൈൻ ക്വിസ് അവസാനിച്ചു. മത്സരങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് നേടിയ ആളുകളെ പങ്കെടുപ്പിച്ച് കൊണ്ടാണ് മെഗാ മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 5 വരെ പുറത്തിറങ്ങുന്ന ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ പങ്കെടുപ്പിച്ച് കൊണ്ട് ഡിസംബർ 19ന് ഓൺലൈൻ ക്വിസ് മെഗാ മത്സരം നടത്തും.
- മെഗാ ക്വിസ് മത്സരത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ 6 പേരെ വെച്ച് ഡിസംബർ 27ന് ഓൺലൈൻ ലൈവ് ഫൈനൽ ക്വിസ് മത്സരം നടത്തി ആദ്യ സ്ഥാനക്കാരെ കണ്ടെത്തും.
- ആദ്യ ആറ് സ്ഥാനക്കാരെ കണ്ടെത്താനുള്ള മത്സരത്തിൽ തുല്യത പാലിച്ചാൽ നറുക്കെടുപ്പിലൂടെയായിരിക്കും വിജയികളെ കണ്ടെത്തുക.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും ഡിസംബർ 15ന് പ്രസിദ്ധപ്പെടുത്തും.
- മെഗാ മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർ പഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 201


**ഒന്നാം സമ്മാനം:**
Ibrahim Irfan, Perunguzhi, Thiruvananthapuram

**രണ്ടാം സമ്മാനം:**
Muhammed Kallikkoottam Purayil, Padanilam, Kozhikode

**മൂന്നാം സമ്മാനം:**
Noufal Vadakkum Parambil, Tirurangadi, Malappuram

ഡോ. ജൗസൽ
jauzalcp@gmail.com

# ‘അലക്വ’യും ‘മുള്ഗ’യും




ഭ്രൂണശാസ്ത്രം ക്വുർആനിലും ഹദീഥിലും 4

ഭ്രൂണത്തിന്റെ ആദ്യഘട്ടത്തെ വിശദീകരിക്കാൻ ക്വുർആൻ ഉപയോഗിച്ച പദമായ ‘അലക്വ’ എന്നത് ഭ്രൂണത്തിന്റെ മോർഫോളജിയുമായി എത്രമാത്രം കൃത്യമായി യോജിക്കുന്ന പദമാണ് എന്ന് നോക്കാം.


ഭ്രൂണത്തിന്റെ വ്യത്യസ്ത അവസ്ഥകളെക്കുറിച്ച് ക്വുർആൻ നടത്തിയ പരാമർശങ്ങൾ പരിശോധിച്ചാൽ ഈയൊരു ക്ലാസിഫിക്കേഷൻ ഭ്രൂണത്തിന്റെ വ്യത്യസ്തമായ ബാഹ്യരൂപങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. മോർഫോളജിക്കൽ ക്ലാസിഫിക്കേഷൻ എന്ന് ഇംഗ്ലീഷിൽ പറയും. അഥവാ ബാഹ്യരൂപത്തെ അടിസ്ഥാനമാക്കിയുള്ള വർഗീകരണം.

വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു:


“പിന്നീട് ഒരു നുത്വ്ഫ ആയിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ നുത്വ്ഫയെ നാം ഒരു അലക്വ ആയി രൂപപ്പെടുത്തി. അനന്തരം ആ അലക്വയെ നാം മുദ്ഗ ആയി രൂപപ്പെടുത്തി. തുടർന്ന് നാം മുദ്ഗയെ അസ്ഥിയായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ

മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" (ക്വുർആൻ 23:13-14).

ഏറ്റവും ആദ്യരൂപം നുത്ഫതുൻ അംശാജ്: പുരുഷ ബീജവും സ്ത്രീബീജവും കൂടിച്ചേർന്ന നുത്ഫതുൻ അംശാജ് അഥവാ സിക്താണ്ഡം സ്ത്രീയുടെ ഗർഭപാത്രത്തിന് അകത്ത് ഭദ്രമായി സ്ഥാപിക്കപ്പെടുന്നു. പിന്നീട് അതൊരു അലക്വ ആയിമാറുന്നു. 'അലക്വ' എന്ന അറബി പദത്തിന് തൂങ്ങിക്കിടക്കുന്നത്, അള്ളിപ്പിടിച്ചിരിക്കുന്നത് (suspended, hanging, clinging), അട്ട (leech) എന്നിങ്ങനെയൊക്കെ വ്യത്യസ്ത അർഥങ്ങളുണ്ട്. ഈ അർഥങ്ങൾ വ്യാഖ്യാനിച്ച് ഒപ്പിക്കുന്നതായിരിക്കും എന്ന് സംശയിക്കുന്നവർ മനസ്സിലാക്കാൻ വേണ്ടി ഗൂഗിൾ ട്രാൻസ്‌ലേറ്റ് സ്‌ക്രീൻഷോട്ട് കൊടുത്തത് കാണുക:




വിശുദ്ധ ക്വുർആനിലെ പദപ്രയോഗങ്ങളുടെ സൂക്ഷ്മതയും കൃത്യതയും നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. ഈ പറഞ്ഞ പല അർഥങ്ങളും ഒരുപോലെ യോജിക്കുന്നതാണ് ഭ്രൂണത്തിന്റെ ആദ്യ അവസ്ഥ. ഭ്രൂണത്തിന്റെ ആദ്യ അവസ്ഥയിൽ അത് ഒരു അട്ടയുടെ (leech) അതേ ആകൃതിയിലാണ് ഉള്ളത്. താഴെ കൊടുക്കുന്ന ചിത്രങ്ങൾ കാണുക:



ഈയൊരു കുഞ്ഞു ഭ്രൂണം, ഒരു കുളയട്ട ശരീരത്തിൽ അള്ളിപ്പിടിച്ച് ഇരിക്കുന്നതുപോലെ മാതാവിന്റെ ഗർഭാശയത്തിനകത്ത് അള്ളിപ്പിടിച്ച് ഇരിക്കുന്നു. ഗർഭാശയത്തിന് ഉള്ളിൽ, ഗർഭാശയഭിത്തിയിൽ തൂങ്ങിക്കിടക്കുന്ന (suspended or hanging) അവസ്ഥയിലാണ് ഭ്രൂണം ഉള്ളത്. ധാരാളം രക്തക്കുഴലുകൾ ഈ അവസ്ഥയിൽ ഭ്രൂണത്തിൽ ഉണ്ട്. വളരെയധികം രക്തചംക്രമണം നടക്കുകയും ചെയ്യുന്നതുകൊണ്ട് ഒരു രക്തക്കട്ട ഗർഭാശയത്തിൽ തൂങ്ങിക്കിടക്കുന്നത് പോലെ ഭ്രൂണം കാണപ്പെടുകയും ചെയ്യുന്നു.

ഭ്രൂണത്തിന്റെ ആദ്യ അവസ്ഥകളെ വിശദീകരിക്കാൻ ഇതിലും കൃത്യമായ ഒരു പദം വേറെയില്ല എന്നു തന്നെ പറയാം. 'അലക്വ' എന്ന അറബി പദത്തിന്റെ വിവിധ അർഥങ്ങൾ അഥവാ 'തൂങ്ങിക്കിടക്കുന്നത്,' 'അള്ളിപ്പിടിച്ചിരിക്കുന്നത്,' 'അട്ട' എന്നിവയെല്ലാം ഭ്രൂണത്തിന്റെ ഈ അവസ്ഥ വിശദീകരിക്കാൻ യോജിച്ചതാണ്. ക്വുർആനിന്റെ പദപ്രയോഗങ്ങൾ പോലും എത്രമാത്രം കൃത്യമായതാണ് എന്നതിൽ ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്. ഏതാനും മില്ലിമീറ്ററുകൾ മാത്രം വലിപ്പമുള്ള ഭ്രൂണത്തിന്റെ ഗർഭാശയത്തിനകത്തെ അവസ്ഥ അറിയാൻ സ്കാനിംഗും മറ്റു മാർഗങ്ങളും ഒന്നും ഇല്ലാത്ത ഏഴാം നൂറ്റാണ്ടിലാണ് ഈ വചനങ്ങൾ അവതരിക്കപ്പെട്ടത് എന്ന് ചിന്തിക്കുമ്പോഴാണ് ദൈവിക വചനങ്ങളുടെ കൃത്യത നമ്മെ ചിന്തിപ്പിക്കുന്നത്.

25 ദിവസം പ്രായമായ, 5 മില്ലിമീറ്റർ മാത്രം വലിപ്പമുള്ള ഭ്രൂണത്തിന്റെ ഒറിജിനൽ ഇലക്ട്രോൺ മൈക്രോസ്കോപ്പ് ചിത്രങ്ങൾ കൊടുത്തത് കാണുക:


ഈ ഭ്രൂണത്തിന് ഒരു അട്ടയോട് എത്രമാത്രം സാമ്യമുണ്ടെന്ന് നോക്കൂ! ഗർഭാശയത്തിനകത്ത് തൂങ്ങിക്കിടക്കുന്ന ഭ്രൂണത്തിന്റെ ചിത്രീകരണവും കാണുക.

ഭ്രൂണത്തിന്റെ നുത്ഫതുൻ അംശാജ് (fertilized egg), അലക്വ എന്നീ സ്റ്റേജുകൾ മുമ്പ് വിശദീകരിച്ചു.


അല്ലാഹു പറയുന്നു: "പിന്നെ ആ നുത്ഫയെ നാം ഒരു അലക്വ ആയി രൂപപ്പെടുത്തി. അനന്തരം ആ അലക്വയെ നാം മുള്ഗ ആയി രൂപപ്പെടുത്തി. തുടർന്ന് നാം മുള്ഗയെ അസ്ഥിയായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" (ക്വുർആൻ 23:13-14).

'അലക്വ'യുടെ അവസ്ഥ കഴിഞ്ഞാൽ 'മുള്ഗ' എന്ന അവസ്ഥയാണ്. 'ചവച്ച സാധനം' എന്നാണ് ഈ അറബി പദത്തിന് അർഥം.

നമ്മളൊരു ഇറച്ചിക്കഷ്ണം വായിലിട്ട് ചവച്ച് പുറത്തെടുത്താൽ ഇറച്ചിക്കഷ്ണത്തിൽ നമ്മുടെ പല്ലിന്റെ അടയാളങ്ങൾ ഉണ്ടായിരിക്കുമല്ലോ ആ ഒരു രൂപമാണ് ഭ്രൂണത്തിന്റെ രണ്ടാമത്തെ അവസ്ഥ. ഭ്രൂണത്തിന്റെ ഈ അവസ്ഥ മനസ്സിലാക്കാൻ ഉതകുന്ന ചിത്രം കാണുക:




ഭ്രൂണത്തിന്റെ ഇലക്ട്രോൺ മൈക്രോസ്കോപ്പ് ചിത്രവും കാണുക:



ശരിക്കും ഒരു ചവച്ച ഇറച്ചിക്കഷണത്തിന്റെ, പല്ലിന്റെ അടയാളങ്ങളുള്ള ഒരു ഇറച്ചിക്കഷ്ണം പോലെയാണ് ഈ അവസ്ഥയിൽ ഭ്രൂണം കാണപ്പെടുന്നത് എന്ന് നമുക്ക് ഈ ചിത്രത്തിൽനിന്ന് വ്യക്തമാണ്. നേരത്തെ പറഞ്ഞപോലെ ക്വുർആനിൽ ഭ്രൂണത്തിന്റെ വ്യത്യസ്ത സ്‌റ്റേജുകൾ വിശദീകരിച്ചിരിക്കുന്നത് ബാഹ്യരൂപം അഥവാ മോർഫോളജിക്കൽ അപ്പിയറൻസ് അടിസ്ഥാനമാക്കിയാണ്. മോർഫോളജിയുടെ അടിസ്ഥാനത്തിൽ ഈ അവസ്ഥയിലുള്ള ഭ്രൂണത്തിന് ഏറ്റവും യോജിച്ച വിവരണമാണ് 'മുള്ഗ' എന്ന പദം നൽകുന്നത്.

'മുള്ഗ' എന്ന അവസ്ഥയിൽനിന്നും പിന്നീട് skeletals ystem അഥവാ എല്ലുകൾ രൂപപ്പെടാൻ ആരംഭിക്കുന്നു. ഈ എല്ലുകളെ മാംസംകൊണ്ട് അഥവാ മസിലുകൾകൊണ്ടു പൊതിയുന്നു എന്നാണ് ക്വുർആൻ പ്രസ്താവിച്ചത്:

'തുടർന്ന് നാം മുള്ഗയെ അസ്ഥിയായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസംകൊണ്ട് പൊതിഞ്ഞു.'

ക്വുർആനിലെ പദപ്രയോഗങ്ങളുടെ സൂക്ഷ്മതയും കൃത്യതയും ദിവ്യത്വവും വെളിവാക്കുന്ന അത്ഭുതകരമായ വിവരണമാണ് ഇതിലും നാം കാണുന്നത്.

നുത്ഫഃയിൽനിന്ന് അലക്വ സൃഷ്ടിച്ചുവെന്നും അലക്വയിൽനിന്ന് മുള്ഗ സൃഷ്ടിച്ചു എന്നും മുള്ഗയിൽനിന്ന് അസ്ഥി സൃഷ്ടിച്ചു എന്നും വിശദമാക്കിയ ക്വുർആൻ ഇവിടെയെല്ലാം ഉപയോഗിച്ച പദം 'നാം സൃഷ്ടിച്ചു' എന്നതാണ്. അഥവാ ഒന്നിൽനിന്ന് മറ്റൊന്ന് സൃഷ്ടിക്കുന്നു. ഒരു അവസ്ഥയിൽനിന്നും മറ്റൊരു അവസ്ഥയിലേക്ക് മാറുന്നു. ഭ്രൂണം നുത്ഫഃ സ്‌റ്റേജിൽനിന്നും അലക്വ സ്‌റ്റേജിലേക്കും അലക്വ സ്‌റ്റേജിൽനിന്ന് മുള്ഗ സ്‌റ്റേജിലേക്കും മാറുന്നു.

മുള്ഗയിൽനിന്ന് അസ്ഥികൂടം രൂപപ്പെടുത്തുന്നു എന്ന് പ്രസ്താവിച്ച വിശുദ്ധ ക്വുർആൻ അസ്ഥികൂടത്തെ മാംസംകൊണ്ട് പൊതിയുന്നു എന്നു പറയുന്നു. ഇവിടെ മാത്രം 'നാം സൃഷ്ടിച്ചു' എന്ന് പറഞ്ഞിട്ടില്ല എന്ന് പ്രത്യേകം ശ്രദ്ധിക്കുക. അഥവാ ഭ്രൂണത്തിന്റെ മുൻ സ്‌റ്റേജുകളെപ്പറ്റി പ്രസ്താവിച്ച പോലെ ഒരു സ്‌റ്റേജിൽനിന്നും മറ്റൊരു സ്‌റ്റേജിലേക്ക് മാറുന്ന കാര്യം ഇവിടെ പ്രസ്താവിച്ചിട്ടില്ല. ക്വുർആനിന്റെ ഈ കൃത്യമായ പദപ്രയോഗങ്ങളിൽനിന്ന് തന്നെ അസ്ഥികൂടം ഉണ്ടാകുന്നതിനോടൊപ്പം തന്നെ, അതേ സ്‌റ്റേജിൽതന്നെ അസ്ഥികൂടത്തെ മസിലുകൾകൊണ്ട് പൊതിയുന്ന പ്രവൃത്തിയും (ഒരേസമയം) നടക്കുന്നു എന്ന് മനസ്സിലാക്കാം. ആധുനിക ഭ്രൂണശാസ്ത്രവും ഇക്കാര്യം കൃത്യമായി അംഗീകരിക്കുന്നു. ഭ്രൂണത്തിന്റെ വളർച്ചയിൽ എല്ലുകൾ ഉണ്ടാകുന്നതിനൊപ്പം തന്നെ എല്ലുകളെ പൊതിഞ്ഞുകൊണ്ട് മസിലുകളും ഉണ്ടാകാൻ ആരംഭിക്കുന്നു. മാത്രമല്ല ഇവിടെ ക്വുർആൻ ഉപയോഗിച്ച അറബി ഭാഷയിലെ വ്യാകരണത്തിലെ 'fa' എന്ന conjunction ഒരു കാര്യത്തിനെ തുടർന്ന് മറ്റൊരുകാര്യം ഗ്യാപ്പ് ഇല്ലാതെ ഒരുമിച്ച് സംഭവിക്കുന്നതിനെ കുറിക്കുന്ന പദം കൂടിയാണ്.

സുബ്ഹാനല്ലാഹ്! ക്വുർആനിലെ ഓരോ പദപ്രയോഗവും ശാസ്ത്രീയമായി എത്രമാത്രം കൃത്യവും സൂക്ഷ്മവും ആണെന്ന് അത്ഭുതത്തോടെ അല്ലാതെ വീക്ഷിക്കാനാവില്ല. മറ്റു സ്‌റ്റേജുകളെ കുറിച്ച് വിവരിക്കുമ്പോളെല്ലാം ക്വുർആൻ ഉപയോഗിച്ച 'നാം സൃഷ്ടിച്ചു' എന്ന പ്രയോഗം അസ്ഥികളെ മാംസം കൊണ്ട് പൊതിയുന്നു എന്ന് പ്രസ്താവിച്ചപ്പോൾ ഉപയോഗിച്ചില്ല എന്നത് വെറും യാദൃച്ഛികം ആണോ? ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്. ഏഴാം നൂറ്റാണ്ടിലെ നിരക്ഷരനായ പ്രവാചകന് എവിടെ നിന്നാണ് ഇത്രയും കൃത്യമായ അറിവുകൾ ലഭിക്കുക? ഒരു ഭ്രൂണത്തിൽ സ്‌കെലിറ്റൽ സിസ്റ്റം ഡെവലപ്പ് ചെയ്യുന്നതിനൊപ്പം തന്നെ മസ്‌കുലാർ സിസ്റ്റവും ഡെവലപ്പ് ആകുന്നു എന്ന അറിവ് പ്രവാചകന് ഏഴാം

**ക്വുർആനിലെ ഓരോ പദപ്രയോഗവും ശാസ്ത്രീയമായി എത്രമാത്രം കൃത്യവും സൂക്ഷ്മവും ആണെന്ന് അത്ഭുതത്തോടെ അല്ലാതെ വീക്ഷിക്കാനാവില്ല. മറ്റു സ്‌റ്റേജുകളെ കുറിച്ച് വിവരിക്കുമ്പോളെല്ലാം ക്വുർആൻ ഉപയോഗിച്ച 'നാം സൃഷ്ടിച്ചു' എന്ന പ്രയോഗം അസ്ഥികളെ മാംസം കൊണ്ട് പൊതിയുന്നു എന്ന് പ്രസ്താവിച്ചപ്പോൾ ഉപയോഗിച്ചില്ല എന്നത് വെറും യാദൃച്ഛികം ആണോ? ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്. ഏഴാം നൂറ്റാണ്ടിലെ നിരക്ഷരനായ പ്രവാചകന് എവിടെ നിന്നാണ് ഇത്രയും കൃത്യമായ അറിവുകൾ ലഭിക്കുക? ഒരു ഭ്രൂണത്തിൽ സ്‌കെലിറ്റൽ സിസ്റ്റം ഡെവലപ്പ് ചെയ്യുന്നതിനൊപ്പം തന്നെ മസ്‌കുലാർ സിസ്റ്റവും ഡെവലപ്പ് ആകുന്നു എന്ന അറിവ് പ്രവാചകന് ഏഴാം നൂറ്റാണ്ടിൽ എങ്ങനെ ലഭിക്കാനാണ്?**

നൂറ്റാണ്ടിൽ എങ്ങനെ ലഭിക്കാനാണ്? ക്വുർആൻ മനുഷ്യ വചനങ്ങളല്ല; നമ്മെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ വചനങ്ങൾ മാത്രമാണ് എന്നത് കൃത്യമായ ഈ ശാസ്ത്രീയ പദപ്രയോഗങ്ങൾ തെളിയിക്കുന്നു.

ക്വുർആനിൽ മാത്രമല്ല, ഹദീഥിലും ഈ കാര്യം വളരെ കൃത്യമായി സംശയലേശമന്യെ വ്യക്തമാക്കിയിട്ടുണ്ട്.

'ബീജസങ്കലനം നടന്നതിനുശേഷം 42 ദിവസം കഴിഞ്ഞാൽ അല്ലാഹു ആ ഗർഭപാത്രത്തിന് അടുത്തേക്ക് ഒരു മലക്കിനെ അയക്കുന്നു. അങ്ങനെ മലക്ക് ആ ഭ്രൂണത്തിന് രൂപം നൽകുന്നു, കേൾവിയും കാഴ്ചയും തൊലികളും മാംസങ്ങളും എല്ലുകളും സൃഷ്ടിക്കുന്നു. എന്നിട്ട് മലക്ക് ചോദിക്കുന്നു; രക്ഷിതാവേ, ഇത് ആണോ പെണ്ണോ? അപ്പോൾ ആ കുട്ടി ആണാണോ പെണ്ണാണോ എന്നുള്ള അല്ലാഹുവിന്റെ തീരുമാനം മലക്ക് രേഖപ്പെടുത്തുകയും ചെയ്യുന്നു' (സഹീഹ് മുസ്‌ലിം).


ഹദീഥിൽ നിന്നും ഭ്രൂണത്തിന് ആറാഴ്ച പ്രായമുള്ള അവസ്ഥയിൽ അസ്ഥിയുടെയും മാംസത്തിന്റെയും തൊലിയുടെയുമെല്ലാം സൃഷ്ടിപ്പ് ഒരേ സമയം ആരംഭിക്കുന്നു എന്ന കാര്യം സംശയലേശമന്യെ വ്യക്തമാണ്.

വിശുദ്ധ ക്വുർആൻ തുടർന്ന് പറയുന്നു: 'എന്നിട്ട് മറ്റൊരു സൃഷ്ടിയായി നാം അതിനെ വളർത്തിയെടുത്തു.' വളരെ കൃത്യതയാർന്ന ഒരു പ്രസ്താവനയാണിത്.

ഒട്ടുമിക്ക എല്ലാ ജീവജാലങ്ങളും ഭ്രൂണാവസ്ഥയുടെ ആദ്യഘട്ടങ്ങളിൽ ഒരുപാട് സാമ്യമുള്ളതായി കാണാം. അഥവാ ഒരു പൂച്ചയുടെയും പട്ടിയുടെയും പശുവിന്റെയും മനുഷ്യന്റെയും ഭ്രൂണങ്ങൾ ആദ്യ സ്റ്റേജിൽ നമ്മുടെ മുന്നിൽ കൊണ്ടു വന്നുവച്ച് പെട്ടെന്ന് തിരിച്ചറിയാൻ പറഞ്ഞാൽ അത് അൽപം പ്രയാസകരമായിരിക്കും. ഒരേ പ്രായത്തിലുള്ള ഇവയുടെ ചിത്രങ്ങൾ കണ്ടാൽ ഇക്കാര്യം വ്യക്തമാകും:

human embryo, cow embryo, dog embryo, Cat embryo എന്ന ക്രമത്തിലാണ് വലതുവശത്ത് ചിത്രങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

ഭ്രൂണത്തിന്റെ വ്യത്യസ്ത അവസ്ഥകൾ വിവരിച്ചതിനു ശേഷം അല്ലാഹു പറഞ്ഞത് 'പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു' എന്നാണെന്ന് സൂചിപ്പിച്ചുവല്ലോ. ഭ്രൂണത്തിന്റെ ആദ്യ അവസ്ഥകളിലുള്ള രൂപത്തിൽനിന്ന് പൂർണമായും മാറ്റംവന്ന, തികച്ചും വ്യത്യസ്തമായ മറ്റൊരു സൃഷ്ടിയായി ആ ഒരു ഭ്രൂണത്തെ അല്ലാഹു മാറ്റുന്നു എന്നർഥം. എത്ര കൃത്യമായ പ്രസ്താവനകളാണ് ക്വുർആൻ നടത്തുന്നത് എന്ന് നോക്കൂ!



നമ്മെ സൃഷ്ടിച്ച സ്രഷ്ടാവിനല്ലാതെ ആർക്കാണ് ഇത്തരം കൃത്യമായ പ്രസ്താവനകൾ നടത്താൻ കഴിയുക? ഏതു ജീവിയുടെ ഭ്രൂണമാണ് എന്ന് ഒറ്റനോട്ടത്തിൽ തിരിച്ചറിയാൻ പോലും കഴിയാത്ത അവസ്ഥയിൽ നിന്ന് അഥവാ ഒരു ഭ്രൂണത്തെ വ്യത്യസ്തമായ ഒരു സൃഷ്ടിയായി അഥവാ മനുഷ്യക്കുട്ടിയായി അല്ലാഹു ഗർഭാശയത്തിൽ വളർത്തിയെടുക്കുന്നു.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 59, ഭാഗം 3

# ഹശ്ർ (തുരത്തിയോടിക്കൽ)

(മദീനയിൽ അവതരിച്ചത്)

لِلْفُقَرَآءِ ٱلْمُهَـٰجِرِينَ ٱلَّذِينَ أُخْرِجُوا۟ مِن دِيَـٰرِهِمْ وَأَمْوَٰلِهِمْ يَبْتَغُونَ فَضْلًا مِّنَ ٱللَّهِ وَرِضْوَٰنًا وَيَنصُرُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَـٰٓئِكَ هُمُ ٱلصَّـٰدِقُونَ ﴿٨﴾ وَٱلَّذِينَ تَبَوَّءُو ٱلدَّارَ وَٱلْإِيمَـٰنَ مِن قَبْلِهِمْ يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ وَلَا يَجِدُونَ فِى صُدُورِهِمْ حَاجَةً مِّمَّآ أُوتُوا۟ وَيُؤْثِرُونَ عَلَىٰٓ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۚ وَمَن يُوقَ شُحَّ نَفْسِهِۦ فَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٩﴾ وَٱلَّذِينَ جَآءُو مِنۢ بَعْدِهِمْ يَقُولُونَ رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَـٰنِ وَلَا تَجْعَلْ فِى قُلُوبِنَا غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ ﴿١٠﴾

8. അതായത് സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം). അവർ അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു. അവർ തന്നെയാകുന്നു സത്യവാൻമാർ.

9. അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തു രക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ.

10. അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തു തരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു

8,9) ഈ ഫൈഅ് സ്വത്ത് ചില വിഭാഗങ്ങൾക്ക് മാത്രം നിശ്ചയിച്ചതിലുള്ള കാരണവും യുക്തിയും വിശദീകരിക്കുകയാണ് തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു ചെയ്യുന്നത്. കാരണം അവർ സഹായത്തിന് അർഹതപ്പെട്ടവരാണ്. അവർക്കത് ലഭിക്കാൻ അവകാശമുണ്ട്. മുഹാജിറുകളാണവർ. തങ്ങൾക്ക് ഇഷ്ടപ്പെട്ടതും സുപരിചിതവുമായ വീടും നാടും സമ്പത്തും പ്രിയപ്പെട്ടവരെയും സുഹൃത്തുക്കളെയുമെല്ലാം ഉപേക്ഷിച്ചവർ. പ്രവാചകസ്നേഹത്താലും ദീനിനെ സഹായിക്കാനും അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിച്ചുമാണ് അവരത് ചെയ്തത്. ഇക്കൂട്ടരാണ് സത്യസന്ധർ. വിശ്വാസത്തിന്റെ താൽപര്യമനുസരിച്ച് പ്രവർത്തിച്ചവർ വിഷമിച്ച് കൊണ്ട് തന്നെ ആരാധനകളും സൽപ്രവർത്തനങ്ങളും വിശ്വാസത്തിന്റെ താൽപര്യമനുസരിച്ച് അവർ നിർവഹിച്ചു. വിശ്വാസമുണ്ടെന്ന് വാദിക്കുകയും. എന്നാൽ അതിനെ സത്യപ്പെടുത്തുന്ന ജിഹാദോ ഹിജ്റയോ മറ്റു ആരാധനകളോ നിർവഹിക്കാതിരിക്കുകയും ചെയ്യുന്നവരിൽ നിന്ന് ഏറെ വ്യത്യസ്തരാണിവർ. ഈ സ്വത്തിന് അർഹതപ്പെട്ട മറ്റു ചിലർ അൻസാരികളിൽ നിന്നാണ്. അവർ ഔസ്, ഖസ്റജ് എന്നീ ഗോത്രങ്ങളിൽ നിന്നുള്ളവരാണ്. അവർ അല്ലാഹുവിലും അവന്റെ ദൂതനിലും ഇഷ്ടത്തോടെയും കീഴ്പ്പെട്ടും സ്വയം ഇഷ്ടത്തോടെ തിരഞ്ഞെടുക്കുകയും ചെയ്തവരാണ്. അവർ റസൂലിന് അഭയം നൽകി. വാസസ്ഥലവും വിശ്വാസവും അവർ ഒരുക്കിവെച്ചു. അങ്ങനെ അത് സത്യവിശ്വാസികൾക്ക് മടങ്ങാനുള്ള അഭയസ്ഥാനവും മടക്കസ്ഥലവുമായിത്തീർന്നു. മുഹാജിറുകൾ അവിടെ അഭയം തേടി. ആ സംരക്ഷണത്തിൽ മുസ്‌ലിംകൾ താമസിച്ചു. എല്ലാ നാടുകളും യുദ്ധത്തിന്റെയും ബഹുദൈവ വിശ്വാസത്തിന്റെയും തിന്മയുടെയും നാടുകളായപ്പോൾ ദീനിന്റെ സഹായികൾ അൻസ്വാറുകളിലേക്ക് അഭയം തേടി. അങ്ങനെ ഇസ്‌ലാം വ്യാപിച്ച് ശക്തിപ്പെട്ടു. അൽപാൽപമായി അത് വർധിക്കാൻ തുടങ്ങി. ഖുർആൻ കൊണ്ടും വിശ്വാസം, അറിവ് എന്നിവ കൊണ്ടും അത് ഹൃദയങ്ങളെ കീഴടക്കി പതുക്കെ പതുക്കെ വളരാൻ തുടങ്ങി. ഇതെല്ലാം അവരുടെ മനോഹരമായ വിശേഷണങ്ങളാണ്.

അവർ (തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞ് വന്നവരെ അവർ സ്നേഹിക്കുന്നു). ഇത് അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള സ്നേഹത്തിന്റെ ഭാഗമാണ്. നബിയെ സ്നേഹിച്ചവരെ അവർ സ്നേഹിച്ചു. അദ്ദേഹത്തിന്റെ ദീനിനെ സഹായിച്ചവരെയും അവർ സ്നേഹിച്ചു. (അവർക്ക് -മുഹാജിറുകൾക്ക്- നൽകപ്പെട്ട ധനം സംബന്ധിച്ച് തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ -അൻസ്വാറുകൾ- കണ്ടെത്തുന്നുമില്ല.) അതായത് മുഹാജിറുകൾക്ക് അല്ലാഹു നൽകിയ അനുഗ്രഹത്തിലും അവർക്ക് മാത്രമായി നൽകിയ മഹത്വങ്ങളിലും അവർ അർഹരായ പദവികളിലും അൻസ്വാറുകൾ അവരോട് അസൂയ കാണിച്ചില്ല.

ഇതിൽ നിന്നും അൻസ്വാറുകളുടെ മനസ്സിന്റെ ശുദ്ധതയും അതിൽ പകയും വിദ്വേഷവും അസൂയയും ഇല്ലെന്നും മനസ്സിലാകുന്നു. അൻസ്വാറുകളെക്കാൾ ശ്രേഷ്ഠർ മുഹാജിറുകളാണെന്നും ഇതിൽ നിന്ന് മനസ്സിലാകുന്നു. കാരണം ഇവിടെ ആദ്യം പരാമർശിച്ചത് മുഹാജിറുകളെയാണ്. അവർക്ക് നൽകിയതിൽ അൻസ്വാറുകൾ തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും കണ്ടെത്തുന്നുമില്ല എന്ന് അല്ലാഹു പറയുകയും ചെയ്യുന്നു. അപ്പോൾ അതിൽ നിന്ന് മനസ്സിലാകുന്നത് അൻസ്വാറുകൾക്കോ അല്ലാത്തവർക്കോ നൽകിയിട്ടില്ലാത്തത് മുഹാജിറുകൾക്ക് നൽകിയിട്ടുണ്ടെന്ന് കൂടിയാണ്. കാരണം അവർ പ്രവാചകനെ സഹായിക്കുകയും ഹിജ്റ പോവുകയും ചെയ്തു എന്നാണ്.

(തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രധാന്യം നൽകുകയും ചെയ്യും). ഇതും അൻസ്വാറുകളുടെ വിശേഷണം തന്നെയാണ്. അവർ മറ്റുള്ളവരെക്കാൾ മികച്ചവരാണ്. മുറ്റുള്ളവരിൽ നിന്നും വ്യത്യസ്തരുമാണ്. (الإيثار) 'പ്രാധാന്യം നൽകൽ' ഔദാര്യങ്ങളിൽ ഏറ്റവും പൂർണതയുള്ളത് അതിനാണ്. സമ്പത്ത് പോലുള്ള മനസ്സിന് ഇഷ്ടപ്പെട്ടവ മറ്റുള്ളവർക്ക് ചെലവഴിക്കുക പ്രാധാന്യം നൽകുക അതിനാണ് 'ഈസാർ' എന്ന് പറയുന്നത് തനിക്ക് ആവശ്യമുണ്ടായിട്ടും ആവശ്യം മാത്രമല്ല, വളരെയധികം അത്യാവശ്യവും ദാരിദ്ര്യവും ഉണ്ടായിട്ടും തന്റെ മനസ്സിന്റെ ഇഷ്ടങ്ങളെക്കാൾ അല്ലാഹുവിന്റെ സ്നേഹത്തിന് മുൻഗണന നൽകുന്ന പരിശുദ്ധനായ ഒരു വ്യക്തിയിൽ നിന്നല്ലാതെ ഇതുണ്ടാവില്ല. ഇതിനുദാഹരണമാണ് ഈ വചനമിറങ്ങാൻ കാരണമായ അൻസ്വാരിയുടെ സംഭവം. തന്റെ കുടുംബത്തിന്റെ ഭക്ഷണം അതിഥികൾക്ക് നൽകുകയും തന്റെ മക്കൾ വിശന്ന് ഉറങ്ങുകയും ചെയ്തു.

സ്വാർഥതയുടെ വിപരീതമാണ് മറ്റുള്ളവർക്ക് മുൻഗണന നൽകൽ. ഇത് പ്രശംസനീയമാണ്; സ്വാർഥത കുറ്റകരവും. കാരണം അത് പിശുക്കും ലുബ്ധതയുമാണ്. മറ്റുള്ളവർക്ക് മുൻഗണന നൽകുന്ന ഒരു മനസ്സ് ആർക്കെങ്കിലും നൽകപ്പെട്ടാൽ മനസ്സിന്റെ പിശുക്കിൽ നിന്നും കാത്തുരക്ഷിക്കപ്പെടും. (ഏതൊ

രാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുര ക്ഷിക്കപ്പെട്ടുവോ അത്തരക്കാർ തന്നെയാകുന്നു വി ജയം വരിച്ചവർ). മനസ്സിന്റെ പിശുക്കിൽ നിന്ന് ര ക്ഷപ്പെട്ടത് എല്ലാ മതകൽപനകളിലും സംഭവിക്കാ വുന്ന പിശുക്കിൽ നിന്നുള്ള രക്ഷ കൂടി ഉൾക്കൊ ള്ളുന്നു. കാരണം മനസ്സിന്റെ പിശുക്കിൽ നിന്ന് ഒര ടിമ രക്ഷപ്പെട്ടാൽ അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾ നിറവേറ്റാൻ അവന്റെ മനസ്സ് വിശാല മാകും. ഹൃദയവിശാലതയോടെ കീഴ്പ്പെട്ടവനായി അ നുസരണയുള്ളവരായി അവനത് പ്രവർത്തിക്കും. വിരോധിക്കപ്പെട്ടത് ഉപേക്ഷിക്കുന്നതിലും അവന്റെ മനസ്സ് വിശാലമാകും. മനസ്സ് ഇഷ്ടപ്പെടുന്നതും ആ ഗ്രഹിക്കുന്നതും അന്വേഷിക്കുന്നതുമാണെങ്കിലും. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് അവന്റെ മാർഗ ത്തിൽ ധനം ചെലവഴിക്കാൻ അവന്റെ മനസ്സ് വിശാ ലമാകും. അതിനാൽ അവൻ പിശുക്കുള്ള മനസ്സിൽ നിന്ന് വ്യത്യസ്തമായി വിജയം നേടും. മാത്രവുമല്ല, തിന്മകളുടെ അടിസ്ഥാനമായ പിശുക്കിനാൽ നന്മ യുടെ കാര്യത്തിൽ പരീക്ഷിക്കപ്പെട്ടവനാകുന്നു മന സ്സിന്റെ പിശുക്കിൽ നിന്ന് രക്ഷപ്പെടാത്തവൻ.

10). അവർക്ക് ശേഷം വന്നവരുടെ ശ്രേഷ്ഠതയായി അവരുടെ പിറകെ വന്നു എന്നത് തന്നെ മതി. അവ രുടെ മാർഗദർശനത്തെ പിൻതുടർന്നു എന്നും. അ വരെ പിന്തുടർന്ന് ശേഷം വന്നവരെക്കുറിച്ചും മറ്റുമുള്ള പിൻഗാമികളെക്കുറിച്ചും അല്ലാഹു പറയുന്നു (അ വരുടെ ശേഷം വന്നവർക്കും). അതായത് മുഹാജി റുകളുടെയും അൻസ്വാറുകളുടെയും ശേഷം (അ വർ പറയും) അവരോട് മറ്റു സത്യവിശ്വാസികളോ ടുമുള്ള ഗുണകാംക്ഷ രൂപത്തിൽ (ഞങ്ങളുടെ രക്ഷി താവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദര ങ്ങൾക്കും നീ പൊറുത്തു തരേണമേ). എല്ലാ സത്യ വിശ്വാസികൾക്കുമുള്ള ഒരു പ്രാർഥനയാണിത്.

മുമ്പ് കഴിഞ്ഞുപോയ സ്വഹാബത്തും അവർക്ക് മുമ്പും പിമ്പുമുള്ളവരും ഇതിൽ ഉൾപ്പെടും. വിശ്വാ സത്തിന്റെ ഗുണങ്ങളിലൊന്നാണിത്. വിശ്വാസികൾ പരസ്പരം പ്രയോജനപ്പെടുത്തുന്നു. ചിലർ ചിലർക്കു വേണ്ടി പ്രാർഥിക്കുന്നു. വിശ്വാസത്തിൽ പങ്കുചേരു ന്നത് കൊണ്ടാണിത്. സത്യവിശ്വാസികൾ തമ്മിലുള്ള സാഹോദര്യബന്ധത്തിന്റെ താൽപര്യമാണ് അവർ പരസ്പരം പ്രാർഥിക്കുക എന്നതും അവർ പരസ്പ രം ഇഷ്ടപ്പെടുക എന്നതും. ഹൃദയത്തിൽ വിദ്വേഷം കുറച്ചാണെങ്കിലും ഇല്ലാതാക്കാൻ ഈ പ്രാർഥന അ ല്ലാഹു ഇവിടെ പറഞ്ഞത്. ഒന്നിനെ നിരാകരിക്കു മ്പോൾ അതിന്റെ വിപരീതം സ്ഥാപിക്കപ്പെട്ടു. അ താവട്ടെ, അത് സത്യവിശ്വാസികൾക്കിടയിലുള്ള സ് നേഹവും ആത്മബന്ധവും ഗുണകാംക്ഷയുമാണ്. ഇവയെല്ലാം സത്യവിശ്വാസികളുടെ കടമകളിൽ പെ ട്ടതാണ്. സ്വഹാബത്തിന് ശേഷമുള്ളവരെ ഈമാൻ (വിശ്വാസം) കൊണ്ട് വിശേഷിപ്പിക്കുന്നു. (വിശ്വാസ ത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞു പോയിട്ടുള്ളവർ) വിശ്വാസത്തിൽ അവ രോടൊപ്പം പങ്കുചേരുന്നു. അവർ വി ശ്വാസ കാര്യങ്ങളിലും അതിന്റെ അടി സ്ഥാനങ്ങളിലും സ്വഹാബത്തിനെ പിൻപറ്റുന്നവരാണ്. അവരാണ് അഹ് ലുസ്സുന്നതി വൽ ജമാഅ. അവർക്കല്ലാ തെ ഈ വിശേഷണങ്ങൾ പൂർണമായി ശരിയാവുകയുമില്ല.

തെറ്റുകൾ അംഗീകരിക്കുന്നവരും അതിൽ നിന്ന് പാപമോചനം തേടുന്ന വരും പരസ്പരം പാപമോചനത്തിന് വേണ്ടി പ്രാർഥിക്കുന്നവരും സത്യവി ശ്വാസികളായ സഹോദരങ്ങളോട് വി ദ്വേഷവും പകയും ഇല്ലാതാക്കാൻ അ തീവ ശ്രമം നടത്തുന്നവരുമാണെന്നും അവരെക്കുറിച്ച് വിശദീകരിക്കുന്നു. നാം ഇവിടെ പറഞ്ഞ കാര്യങ്ങളെ സ്ഥിരീകരിക്കുന്നതും അവർക്ക് പരസ് പരമുള്ള സ്നേഹത്തെ ഉൾക്കൊള്ളു ന്നതുമാണ് അവരുടെ ഈ പ്രാർഥന. അവർ തനിക്കിഷ്ടപ്പെടുന്നത് തന്റെ സഹോദരനു വേണ്ടി ഇഷ്ടപ്പെടുന്നു ണ്ടെന്നും സാന്നിധ്യത്തിലും അസാന്നി ധ്യത്തിലും ജീവിതത്തിലും മരണത്തി ലുമെല്ലാം അവരോട് ഗുണകാംക്ഷയു ള്ളവരാണെന്നതും ഉൾക്കൊള്ളുന്നു.

ഇതെല്ലാം വിശ്വാസികൾ പരസ്പ രമുള്ള കടമകളിൽ പെട്ടതാണെന്നും ഈ പരിശുദ്ധ വചനം അറിയിക്കുന്നു. അവരുടെ പ്രാർഥന അവസാനിക്കുന്ന ത് അല്ലാഹുവിന്റെ സമ്പൂർണ കരുണ യെയും വാൽസല്യത്തെയും അവരോ ടുള്ള നന്മയെയും അറിയിക്കുന്ന അ ല്ലാഹുവിന്റെ രണ്ട് പരിശുദ്ധനാമങ്ങൾ കൊണ്ടാണ്. അതിൽ പെട്ടതു തന്നെ യാണ് അടുത്തതും. മഹത്തായതാണ് അത്. അല്ലാഹുവോടും അവന്റെ സൃ ഷ്ടികളോടുമുള്ള കടമകൾ നിർവഹി ക്കാൻ അവർക്ക് തൗഫീഖ് (സഹായം) നൽകിയെന്നതാണ്.

ഈ മൂന്ന് വിഭാഗവും ഈ സമുദാ യത്തിൽ പെട്ടവർ തന്നെയാണ്. അവർ ഇസ്‌ലാമിന്റെ നന്മക്ക് വേണ്ടി നീക്കി വെച്ച (ഫൈഅ്) യുദ്ധസ്വത്തിന് അർഹ തപ്പെട്ടവരാണ്. അതിൽ അർഹതപ്പെ ട്ടവരുടെ കൂട്ടത്തിൽ പെട്ടവർ തന്നെ. അല്ലാഹു അവന്റെ അനുഗ്രഹത്താലും കാരുണ്യത്താലും അവരുടെ കൂട്ടത്തിൽ നമ്മെയും ഉൾപ്പെടുത്തട്ടെ.

ലേഖനം

പി.ഒ ഉമർ ഫാറൂഖ്, തിരൂരങ്ങാടി
mail@nerpatham.com



ഇന്ത്യയുടെ ഭാഷാചരിത്രവും വിദ്യാഭ്യാസനയത്തിന്റെ ഭാഷാപഠന അജണ്ടകളും 2

# അറബി, ഉറുദു ഭാഷകളോടുള്ള അവഗണന

ദ്രാവിഡ ഭാഷകളോടും ഒഡിയയോടും മൃദുസമീപനം സ്വീകരിക്കുമ്പോൾ തന്നെ, ഇന്ത്യയിൽ രൂപം കൊണ്ടതും ഒട്ടനവധി വൈജ്ഞാനികവും സാഹിത്യസമ്പുഷ്ഠവുമായ ഗ്രന്ഥങ്ങൾകൊണ്ട് ധന്യമായതും കോടിക്കണക്കിനു മുസ്‌ലിംകളുടെ വ്യവഹാര ഭാഷയുമായ ഉറുദു ഭാഷയെക്കുറിച്ച് നയരേഖ മൗനം പാലിക്കുന്നത് ന്യൂനപക്ഷ വിഭാഗങ്ങളിൽ വലിയ ആശങ്കയാണ് ഉണ്ടാക്കുന്നത്. മറ്റു ഭാഷാവിഭാഗങ്ങളുടെ പിന്തുണയോടെ ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ ആത്മാവെന്ന് വിശേഷിപ്പിക്കാവുന്ന ഉറുദു ഭാഷയെ പൂർണമായും ഒറ്റപ്പെടുത്തി നശിപ്പിക്കാനുള്ള പദ്ധതിയാണ് നയരേഖയിൽ പ്രകടമാകുന്നത്. ഒട്ടേറെ ചരിത്രപ്രാധാന്യമുള്ളതും മികച്ച സാഹിത്യപാരമ്പര്യമുള്ളതുമായ ഈ ഭാഷയോടുള്ള അനീതികൂടിയാണ് നയരേഖയിൽ പ്രകടമാകുന്നത്. ഇന്ത്യയുടെസ്വാതന്ത്ര്യലബ്ധിക്കു മുമ്പ് ഹിന്ദുവരേണ്യവർഗം ഉറുദു ഭാഷയോടു കൈക്കൊണ്ട സമീപനങ്ങളുടെ ആവർത്തനമായേ ഇതിനെ

നമുക്ക് കാണാനാവൂ. ഉത്തരേന്ത്യയിലെ ന്യൂനപക്ഷ വിഭാഗങ്ങളിലെ ബഹുഭൂരിഭാഗവും മതപഠനത്തിനെന്നപോലെ തങ്ങളുടെ ഭൗതികവിദ്യാഭ്യാസത്തിന് പൂർണമായും ആശ്രയിക്കുന്നത് മദ്റസകളെയാണ്. ഉന്നത കലാലയങ്ങളിൽ എത്തിച്ചേരുന്നതിനുള്ള സാമൂഹ്യസാഹചര്യങ്ങൾ അവിടുത്തെ ന്യൂനപക്ഷങ്ങൾക്കില്ല എന്ന കാര്യം രജീന്ദർ സച്ചാർ കമ്മീഷൻ വളരെ വ്യകതമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ വിഭാഗത്തിന്റെ പഠനമീഡിയമാകട്ടെ, ഉറുദുവുമാണ്. അതുകൊണ്ടുതന്നെ ഉറുദുഭാഷ പഠിക്കുവാനും അതിലൂടെ ഭൗതികപഠനം മെച്ചപ്പെടുത്തുവാനുമുള്ള അവസരങ്ങൾ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ഈ വിഭാഗങ്ങൾക്ക് ബോധപൂർവം ഒരുക്കി നൽകേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതയാണ്.

എന്നാൽ ഈ ബാധ്യത നിറവേറ്റുന്നതിനുള്ള നിർദേശങ്ങളൊന്നും വിദ്യാഭ്യാസനയത്തിലില്ല. ബ്രിട്ടീഷ് ഭരണകാലത്തും സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും മദ്റസാപഠനം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയിരുന്ന ബൃഹത്തായ പഠനപ്രോത്സാഹന പദ്ധതികളൊന്നുംതന്നെ ഈ നയരേഖ ചർച്ചചെയ്യുകയോ ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയോ ചെയ്തില്ല എന്നത് വിദ്യാഭ്യാസരംഗത്ത് ഏറെ പിന്നാക്കം നിൽക്കുന്ന ഈ വിഭാഗത്തെ ആ അവസ്ഥയിൽതന്നെ തളച്ചിടുവാൻ മാത്രമെ ഉപകരിക്കൂ. നയരേഖയുടെ കരടിൽ ഉത്തരേന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷം ആശ്രയിക്കുന്ന മദ്റസവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത പരാമർശിച്ചിരുന്നുവെങ്കിലും നയരേഖ പുറത്തുവന്നപ്പോൾ അവ അപ്രത്യക്ഷമായത് സംഘ്പരിവാർ ഇടപെടലുകളുടെ ഭാഗമായിത്തന്നെയാവണം. ഉറുദുവിനോട് നയരേഖ കാണിക്കുന്ന അവജ്ഞയും അത്തരമൊരു അജണ്ടയുടെ ഭാഗംതന്നെയാണെന്ന് വിശ്വസിക്കാനേ നിർവാഹമുള്ളൂ.

സംസ്കൃതത്തിന് പിന്തുണ നൽകുന്ന സംസ്ഥാനങ്ങളിൽ ഇപ്പോൾ ഉപയോഗിച്ചുവരുന്ന ഭാഷകളെക്കുറിച്ച് നയരേഖ തന്ത്രപരമായ മൗനം പാലിക്കുന്നതും ശ്രദ്ധേയമാണ്. ഉറുദുവിനെക്കുറിച്ച് മൗനം പാലി ക്കുന്നതെന്ത് എന്ന ചോദ്യത്തിന് ഗുജറാത്തി, മറാത്തി തുടങ്ങിയ ഭാഷകളെക്കുറിച്ചും പരാമർശമില്ലല്ലോ എന്നു മറുപടി പറയാനുള്ള അവസരവും നയ രേഖതന്ത്രപൂർവം ഒരുക്കിവെച്ചിട്ടുണ്ട്. അതോടൊപ്പം സംസ്കൃതത്തെ മാത്രമല്ല മറ്റു ക്ലാസിക്കൽ ഭാഷകളെയും പരിഗണിച്ചുവെന്ന് വരുത്തിത്തീർക്കാനും നയരേഖ ശ്രമിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായാണ് പാലി, പേർഷ്യൻ, പ്രാകൃത് എന്നീ ഭാഷകൾ നയരേഖയുടെ ഭാഷാപഠനത്തിൽ ഇടംപിടിച്ചത്. സെക്കണ്ടറി തലത്തിൽ ഇംഗ്ലീഷ്. കൊറിയൻ, ജാപ്പാനീസ്, തായ്, ഫ്രഞ്ച്, ജർമൻ, സ്പാനിഷ്, പോർച്ചുഗീസ്, റഷ്യൻ തുടങ്ങിയ ഭാഷകൾ പ്രോത്സാഹിപ്പിക്കാൻ നയരേഖയിൽ നിർദേശമുണ്ട്.[6]

### അറബിഭാഷയെ അവഗണിക്കുന്നു

എന്നാൽ കാലങ്ങളായി ഇന്ത്യയിലെ സ്കൂളുകളിലും സർവകലാശാലകളിലും പഠിപ്പിച്ചുകൊണ്ടിരിക്കുന്നതും ലോകജനസംഖ്യയിൽ നാലാംസ്ഥാനത്തു നിൽക്കുന്നതും വലിയൊരുവിഭാഗം ഇന്ത്യക്കാർ തൊഴിലിന്റെ ഭാഗമായി ഉപയോഗിക്കുന്നതുമായ അറബിഭാഷയെക്കുറിച്ച് നയരേഖയിൽ പരാമർശമില്ല എന്നത് അങ്ങേയറ്റം ഖേദകരമാണ്. വലിയൊരു വിഭാഗം ഇന്ത്യക്കാർ തൊഴിലിന്റെ ഭാഗമായി ഉപയോഗിക്കുന്ന അറബിഭാഷയെ നയരേഖ അവഗണിക്കാനുള്ള കാരണമായി നമുക്ക് കാണാൻ കഴിയുന്നത് ആ ഭാഷ വ്യാപകമായി ഉപയോഗിക്കുന്നത് മുസ്‌ലിംകളാണ് എന്നതുമാത്രമാണ്. ബ്രിട്ടീഷ് ഭരണകാലത്തുപോലും അറബിഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഇന്ത്യാരാജ്യത്തുണ്ടായിട്ടുണ്ട് എന്ന കാര്യം പരിഗണിക്കുമ്പോൾ ഇന്നത്തെ ഭരണകൂടം എത്രമാത്രം അസഹിഷ്ണുതയോടുകൂടിയാണ് അറബി ഭാഷയെ കാണുന്നത് എന്ന് വ്യക്തമാകുന്നു. 1781ൽ ഒന്നാമത്തെ ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന വാറൻഹേസ്റ്റിംഗ്സ് അറബിഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി

> **കാലങ്ങളായി ഇന്ത്യയിലെ സ്കൂളുകളിലും സർവകലാശാലകളിലും പഠിപ്പിച്ചുകൊണ്ടിരിക്കുന്നതും ലോകജനസംഖ്യയിൽ നാലാംസ്ഥാനത്തു നിൽക്കുന്നതും വലിയൊരുവിഭാഗം ഇന്ത്യക്കാർ തൊഴിലിന്റെ ഭാഗമായി ഉപയോഗിക്കുന്നതുമായ അറബിഭാഷയെക്കുറിച്ച് നയരേഖയിൽ പരാമർശമില്ല എന്നത് അങ്ങേയറ്റം ഖേദകരമാണ്. വലിയൊരു വിഭാഗം ഇന്ത്യക്കാർ തൊഴിലിന്റെ ഭാഗമായി ഉപയോഗിക്കുന്ന അറബിഭാഷയെ നയരേഖ അവഗണിക്കാനുള്ള കാരണമായി നമുക്ക് കാണാൻ കഴിയുന്നത് ആ ഭാഷ വ്യാപകമായി ഉപയോഗിക്കുന്നത് മുസ്‌ലിംകളാണ് എന്നതുമാത്രമാണ്.**

**ബ്രിട്ടീഷ് ഭരണകാലത്തുപോലും അറബി ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഇന്ത്യാരാജ്യത്തുണ്ടായിട്ടുണ്ട് എന്ന കാര്യം പരിഗണിക്കുമ്പോൾ ഇന്നത്തെ ഭരണകൂടം എത്രമാത്രം അസഹിഷ്ണുതയോടുകൂടിയാണ് അറബി ഭാഷയെ കാണുന്നത് എന്ന് വ്യക്തമാകും. 1781ൽ ഒന്നാമത്തെ ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന വാറൻഹേസ്റ്റിംഗ്സ് അറബിഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കൽക്കത്തയിൽ ഒരു മദ്റസ സ്ഥാപിച്ച കാര്യം ഇത്തരുണത്തിൽ നാം ഓർക്കേണ്ടതാണ്. ഇംഗ്ലീഷ്, കൊറിയൻ, ജാപ്പാനീസ്, തായ്, ഫ്രഞ്ച്, ജർമൻ, സ്പാനിഷ്, പോർച്ചുഗീസ്, റഷ്യൻ തുടങ്ങിയ ഭാഷകൾക്ക് നയരേഖ പ്രാധാന്യം കൽപിക്കുമ്പോൾ ആ ഭാഷകളുടെ ഗുണഭോക്താക്കളുടെ എണ്ണംകൂടി നാം പഠനവിധേയമാക്കേണ്ടതുണ്ട്.**

കൽക്കത്തയിൽ ഒരു മദ്റസ സ്ഥാപിച്ച കാര്യം ഇത്തരുണത്തിൽ നാം ഓർക്കേണ്ടതാണ്. ഇംഗ്ലീഷ്, കൊറിയൻ, ജാപ്പാനീസ്, തായ്, ഫ്രഞ്ച്, ജർമൻ, സ്പാനിഷ്, പോർച്ചുഗീസ്, റഷ്യൻ തുടങ്ങിയ ഭാഷകൾക്ക് നയരേഖ പ്രാധാന്യം കൽപിക്കുമ്പോൾ ആ ഭാഷകളുടെ ഗുണഭോക്താക്കളുടെ എണ്ണംകൂടി നാം പഠനവിധേയമാക്കേണ്ടതുണ്ട്. വിവിധ രാഷ്ട്രങ്ങളിൽ അധിവസിക്കുന്ന ഇന്ത്യക്കാരുടെ എണ്ണം പരിശോധിച്ചാൽ എത്രമാത്രം അവഗണനയാണ് അറബിഭാഷയോട് നയരേഖ വെച്ചുപുലർത്തുന്നത് എന്ന് കാണാൻ കഴിയും. ജപ്പാൻ, സ്പെയിൻ, തെക്കൻ കൊറിയ, റഷ്യ എന്നീ രാഷ്ട്രങ്ങളിൽ മുപ്പതിനായിരത്തിൽ താഴെ മാത്രമാണ് ഇന്ത്യക്കാരുള്ളത്. ഫ്രാൻസിലും പോർച്ചുഗലിലും അധിവസിക്കുന്ന ഇന്ത്യക്കാരുടെ എണ്ണം എഴുപതിനായിരത്തിൽ താഴെയാണ്. ജർമനിയിലാകട്ടെ ഒന്നേമുക്കാൽ ലക്ഷത്തിൽ താഴെയാണ്. എന്നാൽ അറബ് രാജ്യങ്ങളിൽ മാത്രം പ്രവാസികളായി ഇപ്പോൾ നിലവിലുള്ളത് എൺപത്തി അഞ്ചു ലക്ഷം ഇന്ത്യക്കാരാണ്. പ്രവാസികളിൽ മഹാഭൂരിപക്ഷം ഉപയോഗിക്കുന്ന ഭാഷയായിട്ടും ആ ഭാഷയെ നയരേഖ അവഗണിച്ചത് അത് നടപ്പിലാക്കാൻ ശ്രമിക്കുന്നവരിൽ കുടിയിരുത്തപ്പെട്ട അസഹിഷ്ണുതയുടെ പ്രതിഫലനമല്ലാതെ മറ്റൊന്നുമല്ല.

മേൽപറഞ്ഞ ഭാഷകളെ പ്രോത്സാഹിപ്പിക്കുന്നതിനെക്കാൾ ഇന്ത്യക്കാരെ സംബന്ധിച്ചേടത്തോളം ഏറെ പ്രയോജനം ചെയ്യുക അറബിഭാഷയുടെ പഠനമായിരിക്കും എന്നത് മുകളിലുദ്ധരിച്ച കണക്കുകളിൽ നിന്നും ബോധ്യമാകും. മറ്റു ഭാഷകളിൽനിന്നും ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യേണ്ട ഗ്രന്ഥങ്ങളുടെ പട്ടികയിൽ ജൂതരാഷ്ട്രമായ ഇസ്രായേലിന്റെ ഔദ്യോഗിക ഭാഷയായ ഹിബ്രുവിനെപ്പോലും ഉൾപ്പെടുത്തിയ നയരേഖ[7] അറബിഭാഷയെ എല്ലാ തലങ്ങളിൽനിന്നും ഒഴിവാക്കിയത് ഇസ്‌ലാം വിരുദ്ധതയെ ശക്തിപ്പെടുത്താനും ആ ഭാഷയെ സ്നേഹിക്കുന്നവരെ അവഗണിക്കാനും വേണ്ടിയാണ് എങ്കിൽ അത് ഒരു ജനാധിപത്യ രാജ്യത്തിന്റെ എല്ലാ അടിസ്ഥാനമൂല്യങ്ങളെയും തകർത്തുകളയുന്നതാണ്.

ചുരുക്കത്തിൽ, ഇന്ത്യയിലെ ജാതിഹിന്ദുക്കൾ മറ്റു സംസ്കാരങ്ങളോടും ഭാഷകളോടും പുലർത്തിവന്ന അസഹിഷ്ണുതയുടെ പ്രതിഫലനമാണ് ദേശീയ വിദ്യാഭ്യാസനയത്തിലും പ്രകടമാകുന്നത്. കീഴാളരോടും തങ്ങളല്ലാത്ത ഇതര സമൂഹങ്ങളോടും എക്കാലത്തും 'വെറുപ്പ് സൃഷ്ടിക്കുക' എന്നത് ജീവിതപദ്ധതിയായി സ്വീകരിച്ചവർക്ക് ഇന്ത്യാരാജ്യത്തെ മുഴുവൻ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു നയം രൂപീകരിക്കാൻ മനസ്സുവരില്ല. അതുകൊണ്ടാണ് ഇന്ത്യയുടെ ഭരണഘടനാ ശിൽപി ഡോ.ബി.ആർ.അംബേദ്കർ ഇപ്രകാരം പറഞ്ഞത്: 'പ്രഭാഷണവും പ്രവർത്തനവും തമ്മിൽ യാതൊരു ബന്ധവും പുലർത്താത്ത ദ്രോഹബുദ്ധികളുടെ കൂട്ടത്തിൽ (ജാതി) ഹിന്ദുക്കളെ ഉൾപ്പെടുത്താം. അവരുടെ നാവിൽ രാമനും കക്ഷത്തിൽ കഠാരയുമാണ്. അവർ ദിവ്യൻമാരെപ്പോലെ സംസാരിക്കുകയും കശാപ്പുകാരെപ്പോലെ പ്രവർത്തിക്കുകയും ചെയ്യും.'

**Ref:**

6. In addition to high qualtiy offerings in Indian languages andEnglish, foreign languages, such as Korean, Japanese, Thai, French,German, Spanish, Portuguese, and Russian, will also be offered at the secondary level, for students to learn about the cultures of the world and to enrich their global knowledge and mobiltiy according to their own interests and aspirations. (NEP: Page 15).

7. Enabling such learning materials, print materials, and translations of important materials from world languages, and constantly updating vocabularies, are carried out by countries around the world for languages such as English, French, German, Hebrew, Korean, and Japanese. (NEP: Page 54).

മൂസ സ്വലാഹി, കാര
moosakara001@gmail.com






# ഹദ്ദാദ് പാരായണം നല്ല മരണത്തിന് നിദാനമോ?

ഒരു മുസ്‌ലിം ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട കാര്യങ്ങളെല്ലാം ദിവ്യബോധനത്തിന്റെ വെളിച്ചത്തിൽ നബിﷺപഠിപ്പിച്ചുതന്നിട്ടുണ്ട്. സ്വന്തം ഇഷ്ടപ്രകാരമോ, അനുയായികളുടെ താൽപര്യങ്ങൾക്ക് വഴങ്ങിയോ അവിടുന്ന് മതനിയമങ്ങൾ മെനഞ്ഞുണ്ടാക്കിയിട്ടില്ല. അല്ലാഹു പറയുന്നു: "അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു" (ക്വുർആൻ 53:3,4).

വിശ്വാസികൾ എപ്പോഴും മാതൃകയാക്കേണ്ടത് നബിﷺയെയും ഉത്തമ തലമുറയിൽ ജീവിച്ചവരെയുമാണ്. അഹ്‌ലുസ്സുന്നയുടെ ഇമാമുമാർ ഈ സത്‌സരണിയെ പിൻപറ്റിയാണ് അവരുടെ ജീവിതത്തെ അടയാളപ്പെടുത്തിയത്. നമുക്ക് നേർമാർഗം പ്രാപിക്കാനുള്ള വഴിയും ഇതുമാത്രമാണ്. അല്ലാഹു പറയുന്നു:

"നിങ്ങൾ ഈ വിശ്വസിച്ചതുപോലെ അവരും വിശ്വസിച്ചിരുന്നാൽ അവർ നേർമാർഗത്തിലായിക്കഴിഞ്ഞു. അവർ പിന്തിരിഞ്ഞുകളയുകയാണെങ്കിലോ അവരുടെ നിലപാട് കക്ഷിമാത്സര്യം മാത്രമാകുന്നു. അവരിൽനിന്ന് നിന്നെ സംരക്ഷിക്കാൻ അല്ലാഹു മതി. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമത്രെ" (ക്വുർആൻ 2:137).

ക്വുർആനിക വചനങ്ങളും നിർമിത പ്രാർഥനകളും കൂട്ടിക്കലർത്തി അതിന് പ്രത്യേക പോരിശകളും മേന്മകളും ഉണ്ടെന്നു പ്രചരിപ്പിച്ച് വിശ്വാസി സമൂഹത്തെ ആത്മീയ ചൂഷണം നടത്തി ജീവിക്കു

ന്നവരാണ് പുരോഹിതന്മാർ. ക്വുർആൻ പാരായണവും നിശ്ചിത സമയങ്ങളിലും സന്ദർഭങ്ങളിലും ചൊല്ലാൻ പഠിപ്പിക്കപ്പെട്ട ആയത്തുകളും പ്രാർഥനകളും പതിവാക്കുന്നതും ഏറെ പ്രതിഫലം ലഭിക്കുന്ന കാര്യമാണെന്നത് നാം വിസ്മരിക്കരുത്. എന്നാൽ ഇതിന്റെ മറവിൽ പുത്തനാചാരങ്ങളുണ്ടാക്കുന്നതും അവയ്ക്ക് ആരാധനയുടെ സ്ഥാനം നൽകുന്നതും വഞ്ചനയാണ്. വലിയ ആത്മാർഥതയോടെ നടത്തപ്പെടുന്ന ഇത്തരം കാര്യങ്ങൾ അല്ലാഹുവിന്റെ കൽപനയിലും പ്രവാചകാധ്യാപനങ്ങളിലും ഇല്ലാത്തതായതിനാൽ അത് പരലോകത്തും ഉപകരിക്കില്ല.

അല്ലാഹു പറയുന്നു: "അവർ പ്രവർത്തിച്ച കർമങ്ങളുടെ നേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും" (ക്വുർആൻ 25:23).

"(നബിയേ,) പറയുക: കർമങ്ങൾ ഏറ്റവും നഷ്ടകരമായിത്തീർന്നവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ഐഹികജീവിതത്തിലെ തങ്ങളുടെ പ്രയത്നം പിഴച്ചുപോയവരത്രെ അവർ. അവർ വിചാരിക്കുന്നതാകട്ടെ തങ്ങൾ നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ്" (ക്വുർആൻ 18:103,104).

സ്വൂഫി ആചാര്യന്മാരിൽപെട്ട അബ്ദുല്ലാഹിബ്നു അലവി അൽഹദ്ദാദ് രചിച്ച ഹദ്ദാദ് റാത്തീബ് ഏറെ പ്രചാരം നേടിയ ബിദ്അത്താണ്. സൂറത്തുൽ ഫാതിഹ, ആയത്തുൽ കുർസിയ്യ്, ആമനർറസൂൽ, സൂറത്തുൽ ഇഖ്‌ലാസ്, സൂറത്തുൽഫലക്വ്, സൂറത്തുന്നാസ്സ് തുടങ്ങിയവും സ്വഹീഹായ ചില പ്രാർഥനകളും കുറെ നിർമിത പ്രാർഥനകളും ശിർക്കു കലർന്ന തേട്ടങ്ങളും അടങ്ങുന്നതാണ് ഈ ഹദ്ദാദ്. സ്വൂഫിസത്തിന്റെ കൊടിവാഹകരിൽപെട്ട മുഹമ്മദിബ്നു അലി ബാ അലവിയുടെ ബറകത്ത് കൊണ്ടുള്ള തേട്ടവും സ്വൂഫി നേതാക്കളുടെ ആത്മാക്കളുടെയും സന്നിധിയിലേക്കും നബിﷺയുടെ ഹള്റത്തിലേക്കുള്ള വിളിയും ഇതിലുണ്ട്.

ഇതെങ്ങനെ ആരാധനയാകും? ഇത് ചൊല്ലിപ്പിക്കുന്നതിലൂടെ ജനങ്ങളെ ശിർക്ക് ബിദ്അത്തുകളിലകപ്പെടുത്തുന്ന പണ്ഡിതൻമാർ നരക ശിക്ഷയെ ഭയപ്പെടുന്നില്ലേ?

ക്വുർആൻ വചനങ്ങൾക്കും പ്രാർഥനകൾക്കും നബിﷺ പറഞ്ഞ പ്രത്യേകതകൾ ഉദ്ധരിച്ചുകൊണ്ട് ഹദ്ദാദിനെ വെളുപ്പിച്ചെടുക്കാൻ മുസ്‌ലിയാക്കന്മാർ തെല്ലൊന്നുമല്ല വിയർപ്പൊഴുക്കുന്നത്! ഇത് മതത്തോടുതന്നെ ചെയ്യുന്ന ദ്രോഹമാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവെയും അവന്റെ റസൂലിനെയും ദ്രോഹിക്കുന്നവരാരോ അവരെ ഇഹത്തിലും പരത്തിലും അല്ലാഹു ശപിച്ചിരിക്കുന്നു. അവർക്കുവേണ്ടി അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെച്ചിട്ടുമുണ്ട്" (ക്വുർആൻ 33:57).

സമസ്തയുടെ എട്ടാം പ്രമേയത്തിലും മറ്റും ഇതിനെ സംബന്ധിച്ച് പറഞ്ഞത് കാണുക: "റാത്തീബും ത്വരീഖത്ത് ദിക്റുകൾ ചൊല്ലലും ദലാഇലുൽ ഖൈറാത്ത്, ഹിസ്ബുന്നവവി, അസ്മാഉന്നവവി, അസ്മാഉൽ ബദ്‌രിയ്യീൻ, ഹിസ്ബുൽ ബഹർ മുതലായ ദിക്റുകൾ പതിവാക്കലും..." (ഇവരെ എന്തുകൊണ്ട് അകറ്റണം?, പേജ് 14,15).

നബിചര്യയിലുള്ളതാണെങ്കിൽ അതിനെ പതിവാക്കുക എന്നത് റബ്ബിന് ഏറെ ഇഷ്ടമുള്ള കാര്യമാണ്. ബിദ്അത്തുകളെ പതിവാക്കുന്നത് ശാപത്തിനും തൗബ തടയപ്പെടുന്നതിനും കാരണമാകുമെന്നത് മുസ്‌ലിയാക്കന്മാർ മറക്കരുത്.

"ചുരുക്കത്തിൽ ഹദ്ദാദ് നിത്യമാക്കുന്നത് നമ്മുടെ ഇഹപര സൗഖ്യത്തിനും വിജയത്തിനുമുള്ള മുഖ്യ ഘടകമാണെന്ന് വ്യക്തം''(അഹ്‌ലുസ്സുന്നത്തി വൽ ജമാഅ, റിയാസ് ഫൈസി വെള്ളില, പേജ്: 38).

ഇഖ്‌ലാസും (ആത്മാർഥത) ഇത്തിബാഉം (പ്രവാചകചര്യ പിൻപറ്റൽ) ഒന്നിക്കുന്ന പ്രവർത്തനങ്ങൾ കൊണ്ട് മാത്രമെ ആർക്കും സമാധാനം നേടാനാകൂ.

അല്ലാഹു പറയുന്നു: "ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും" (ക്വുർആൻ 16:97).

ഹദ്ദാദിന്റെ മേന്മയായി സമസ്തയുടെ മുൻനിര മുസ്‌ലിയാക്കന്മാരിൽപെട്ട ഒരാൾ എഴുതിയത് കാണുക: "നമ്മുടെ നാട്ടിൽ പഴയകാലം മുതൽ പതിവാക്കിവരുന്ന ഹദ്ദാദ് റാത്തീബ് അതിൽ പ്രധാനമാണ്. ഇത് നിത്യമാക്കിയ കാരണത്താൽ ഹൃദയത്തിന് പൂർണ ആരോഗ്യം കൈവന്നവരും ആത്മീയലോകത്ത് ഉന്നതങ്ങൾ കീഴടക്കിയവരും നിരവധി. ഹൃദയ വിമലീകരണത്തിനായി മഹാനായ അബ്ദുല്ലാഹിൽ ഹദ്ദാദ് ലോകർക്ക് നൽകിയ ആത്മീയ മരുന്നാണ് ഹദ്ദാദ് റാത്തീബ്. ഹദ്ദാദ് പതിവാക്കുന്നവരാണ് നമ്മിൽ പലരും" (സുന്നിവോയ്സ്, 2020 ആഗസ്റ്റ് 16-31, പേജ്: 38).

മതനിയമങ്ങളെ പരിഗണിക്കാതെ ദീനിൽ അതിരുവിട്ട് പ്രവർത്തിക്കുന്ന സ്വൂഫികളെയാണ് സമസ്തക്കാർ ഇമാമുകളാക്കുന്നത്. വിശ്വാസശുദ്ധിയും സൽകർമനിഷ്ഠയും പ്രാർഥനയുമാണ് ഹൃദയ വിശുദ്ധിയുടെ അടിസ്ഥാനം. അല്ലാഹുവാണ് അതിനെ സംസ്കരിക്കുന്നവൻ.

'അല്ലാഹുവേ, എന്റെ മനസ്സിന് നീ അതിന്റെ തക്വ്‌വ (സൂക്ഷ്മത) നൽകണേ. നീ അതിനെ ശുദ്ധി

യാക്കേണമേ. ശുദ്ധിനൽകുന്നവരിൽ ഉത്തമൻ നീയാണ്'' (മുസ്‌ലിം) എന്ന് നബിﷺ സദാ പ്രാർഥിച്ചിരുന്നു.

ഹൃദയങ്ങളുടെ ഉടമയായ അല്ലാഹുവിന് തൃപ്തിയില്ലാത്ത പ്രവർത്തനങ്ങൾകൊണ്ട് അതിനെ 'വിമലീകരിക്കൽ' എങ്ങനെ സാധ്യമാകും? ഹൃദയവിമലീകരണത്തിനുള്ള ആത്മീയ മരുന്നാണ് ഹദ്ദാദ് എന്ന് ആരാണിവരെ പഠിപ്പിച്ചത്? ഇവർക്കാർക്കെങ്കിലും ദിവ്യബോധനം (വഹ്‌യ്) ലഭിച്ചിട്ടുണ്ടോ, വിശുദ്ധക്വുർആനിനെക്കാൾ പോരിശയുള്ളതും വെളിച്ചം നൽകുന്നതുമാണ് ഹദ്ദാദെന്ന്?

ഹദ്ദാദ് റാത്തീബിന്റെ വരവിനെപ്പറ്റി അദ്ദേഹം പറയുന്നു: "പാരമ്പര്യമായി നമുക്ക് കിട്ടിയ ആത്മീയാവലംബമാണ് ഹദ്ദാദ് റാത്തീബ്. ഹള്‌റമീ തങ്ങന്മാരുടെ വരവോടെയാണ് കേരളത്തിൽ ഏതാണ്ടെല്ലാ പള്ളികളിലും വീടുകളിലും ഹദ്ദാദ് റാത്തീബ് ചൊല്ലാനാരംഭിച്ചത്'' (സുന്നിവോയ്‌സ്, 2020 ആഗസ്റ്റ് 16-31, പേജ്: 39).

അഹ്‌ലുസ്സുന്ന വൽജമാഅയുമായി ഇതിന് ബന്ധമില്ലെന്നതും വ്യക്തികൾക്ക് അപ്രമാദിത്വം കൽപിക്കുന്നതിലൂടെയാണ് ഇത്തരം അനാചാരങ്ങൾ സമൂഹത്തിൽ വ്യാപിക്കുന്നതെന്നും മുസ്‌ലിയാരുടെ ഈ വരികളിൽ നിന്ന് വ്യക്തമാകും. ഇത്തരം വിഷയങ്ങളോട് വിശ്വാസി കൈക്കൊള്ളേണ്ട നിലപാട് നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

ആഇശ(റ)യിൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: "നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) പുതുതായി ആരെങ്കിലും വല്ലതും ഉണ്ടാക്കിയാൽ അത് തള്ളപ്പെടണം''(ബുഖാരി).

മുസ്‌ലിയാർ വീണ്ടും എഴുതുന്നു: "ഹദ്ദാദ് പതിവാക്കുന്നവർക്ക് ഹുസ്‌നുൽ ഖാത്തിമ(നല്ല മരണം) ലഭിക്കുമെന്ന് പല പണ്ഡിതന്മാരും പറഞ്ഞിട്ടുണ്ട്. അമലുകൾ ചെറുതാണെങ്കിലും അവ പതിവാക്കുമ്പോഴാണ് ഫലം പൂർണമായി ആസ്വദിക്കാനാവുക.'' (പേജ് 39).

ശഹാദത്ത് ചൊല്ലൽ, നെറ്റിത്തടം വിയർക്കൽ, വെള്ളിയാഴ്ചയുടെ രാവിലോ പകലിലോ മരിക്കൽ, ശഹീദാകൽ, പ്ലേഗ് രോഗം ബാധിക്കൽ, വയറിന് വേദന, കെട്ടിടം തകർന്ന് വീഴൽ എന്നിവ മൂലം മരിക്കൽ, വെള്ളത്തിൽ മുങ്ങിയും തീപ്പൊള്ളലേറ്റും മരിക്കൽ, നല്ല കർമങ്ങൾ ചെയ്തു കൊണ്ടിരിക്കെയുള്ള മരണം ഇതെല്ലാം വിശ്വാസികളിലാണ് സംഭവിക്കുന്നതെങ്കിൽ അത് നല്ല മരണത്തിന്റെ അടയാളമാണ് നബിﷺ പഠിപ്പിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ ഹദ്ദാദ് റാത്തീബ് കാണുവാൻ സാധ്യമല്ല. ഒരാളെയും തൗഹീദിലായി മരിക്കാൻ അനുവദിക്കില്ലെന്ന് കരാറെടുത്തിരിക്കുകയാണോ പുരോഹിതന്മാർ? വിശ്വാസികളുടെ മരണം എങ്ങനെയാവണമെന്ന് അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്.'' (3:102).

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇപ്രകാരം കാണാം. ഇബ്‌നു മസ്ഊദ്(റ) പറഞ്ഞു: "അല്ലാഹുവിനെ അനുസരിക്കണം, ധിക്കരിക്കരുത്. അവനെ ഓർക്കണം, മറക്കരുത്. അവന് നന്ദി കാണിക്കണം, നിഷേധികളാവരുത്.'' (തഫ്‌സീർ ഇബ്‌നു കഥീർ).

"ഇസ്‌ലാമിലായി നിങ്ങൾക്ക് മരിക്കാൻ വേണ്ടി നിങ്ങളുടെ ആരോഗ്യവും സമാധാനവുമുള്ള അവസ്ഥയിൽ അതനുസരിച്ച് ജീവിക്കുക.'' (തഫ്‌സീർ ഇബ്‌നു കഥീർ).

സമൂഹത്തിന്റെ നന്മകളെ കാർന്ന് തിന്നുന്ന ശിർക്ക് ബിദ്അത്തുകളിൽ കടിച്ചുതൂങ്ങി നിൽക്കുന്നവർക്ക് ഈ കൽപനയെ നിറവേറ്റാൻ കഴിയുമോ?

ഹദ്ദാദിന്റെ മറ്റൊരു ഗുണമായി മുസ്‌ലിയാർ പറയുന്നു: "ഹദ്ദാദിന്റെ മഹത്വമെഴുതിയ മഹാന്മാരൊക്കെ പറഞ്ഞത്, ഇത് മുസ്‌ലിമിന്റെ വിശ്വാസം രൂഢമൂലമാക്കാൻ ഉപയുക്തമാണെന്നാണ്. കാരണം ഫാതിഹയും ആയത്തുൽകുർസിയും ആമനർറസൂലുവും അതിന്റെ തുടക്കത്തിലെ ദിക്‌റുകളുമൊക്കെ വിശ്വാസ സംബന്ധിയാണ്. വിശ്വാസകാര്യങ്ങളിൽ സംഭവിക്കുന്ന മാർഗഭ്രംശങ്ങളിൽനിന്ന് രക്ഷ കിട്ടാൻ അവ ഫലപ്രദമാണ്. ഹദ്ദാദ് പാരായണം ചെയ്യുന്നവരുടെ മനസ്സിൽ ബിദ്ഈ ചിന്തകൾ കയറിപ്പറ്റുന്നതിനെ തൊട്ടും കാവൽ ലഭിക്കും'' (സുന്നിവോയ്‌സ്, 2020 ആഗസ്റ്റ് 16-31, പേജ്: 39).

'വിശ്വാസകാര്യങ്ങളിൽ സംഭവിക്കുന്ന മാർഗഭ്രംശങ്ങളിൽനിന്ന് രക്ഷകിട്ടാൻ' ഓരോരുത്തരും അവനവന് തോന്നുന്ന കാര്യങ്ങൾ വിശ്വാസ സംബന്ധിയായ ആയത്തുകളിൽ കൂട്ടിക്കലർത്തി ചൊല്ലിയാൽ മതി എന്നാണല്ലോ ലേഖകന്റെ വരികളിൽ നിന്നും മനസ്സിലാകുന്നത്! വിശ്വാസത്തിൽനിന്ന് വ്യതിചലിക്കാതിരിക്കാനും പൈശാചികമായി വല്ല സംശയത്തിലും അകപ്പെട്ടാൽ അതിൽനിന്നും രക്ഷ കിട്ടാനും ആത്മാർഥമായി നാം തേടേണ്ടത് അല്ലാഹുവിനോടാണ്. അതാണ് മതം പഠിപ്പിക്കുന്നത്. വഴിതെറ്റാതിരിക്കാൻ വിശ്വാസികൾ എങ്ങനെയാണ്, ആരോടാണ് പ്രാർഥിക്കുക എന്ന് അല്ലാഹു പറയുന്നത് കാണുക:

"(അവർ പ്രാർഥിക്കും:) ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനുശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽനിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു'' (ക്വുർആൻ 3:8).

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം




# ഇന്ദ്രപ്രസ്ഥത്തെ ഇളക്കിമറിച്ച കർഷകരോഷം

രാജ്യതലസ്ഥാനം മറ്റൊരു ചരിത്ര പ്രക്ഷോഭത്തിന് സാക്ഷ്യം വഹിക്കുകയാണ്. ഡൽഹിക്ക് ചുറ്റും ഉപരോധം തീർത്ത് പഞ്ചാബ്, രാജസ്ഥാൻ, ഹരിയാന, മധ്യപ്രദേശ്, യു.പി, മഹാരാഷ്ട്ര, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലെ കർഷകർ നയിക്കുന്ന പ്രക്ഷോഭം സ്വതന്ത്ര ഇന്ത്യാചരിത്രത്തിലെ കരുത്തുറ്റ പ്രതിഷേധമായി മാറുകയാണ്. സിംഘുവും നോയിഡയുമാണ് കർഷക പ്രക്ഷോഭത്തിന്റെ കേന്ദ്രങ്ങൾ. അതിശൈത്യത്തെ വകവെക്കാതെ അവർ പോരാട്ടഭൂമിയെ സജീവമാക്കുന്നു. മാസങ്ങൾ നീണ്ടു നിൽക്കാവുന്ന പ്രക്ഷോഭത്തിനായാവശ്യമായ ഭക്ഷ്യവിഭവങ്ങളടക്കം മുഴുവൻ സജ്ജീകരണങ്ങളോടും കൂടിയാണ് അവർ സമരഭൂയിലേക്ക് എത്തിയിട്ടുള്ളത്.

കാർഷിക വിപണനനിയമം, കരാർ കൃഷി, അവശ്യവസ്തു നിയമ ഭേദഗതി എന്നിവ റദ്ദ് ചെയ്യണമെന്നും പുതിയ നിയമങ്ങളുടെ ഭാഗമായി നിർത്തലാക്കിയ താങ്ങുവില പുനഃസ്ഥാപിക്കണമെന്നുമാണ് കർഷകരുടെ പ്രധാന ആവശ്യങ്ങൾ. പൗരത്വ പ്രക്ഷോഭങ്ങളിൽ രാജ്യത്തെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ സ്വീകരിച്ച തന്ത്രപരമായ നിലപാട് തന്നെയാണ് ഈ പോരാട്ടത്തിലും സ്വീകരിച്ചത് എന്നത് ശ്രദ്ധേയമാണ്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ ബാനറിലല്ല, കൊടിക്ക് കീഴിലുമല്ല ഈ സമരം. മറിച്ച് രാജ്യത്തെ കർഷകരുടെ ഒറ്റക്കെട്ടായ പ്രതിഷേധമാണ്. അതിനെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ സമരമായി ചെറുതാക്കാനോ കോർണർ ചെയ്യാനോ അവസരം നൽകില്ലെന്ന കർഷകരുടെയും പ്രതിപക്ഷ പാർട്ടികളുടെയും നിലപാട് ഫാസിസ്റ്റ് ഭരണകൂടത്തിന് തുടക്കത്തിൽ നൽകിയ ഷോക്ക് ട്രീറ്റ്മെന്റ് തന്നെയാണ്. എന്നാൽ മുഴുവൻ പ്രതിപക്ഷ കക്ഷികളുടെയും ജനങ്ങളുടെയും പിന്തുണയും സഹായവും ഈ സമരങ്ങൾക്ക് ഉണ്ട് താനും. അന്നമൂട്ടുന്ന കർഷകരെ ഇല്ലായ്മ ചെയ്യുന്നത് ആത്മഹത്യാപരമാണെന്ന തിരിച്ചറിവ് രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനതയ്ക്കുമുണ്ട്.

നവംബർ 26ന് തുടങ്ങിയ ഡൽഹി ചലോ മാർച്ച് അതിർത്തിയിൽ തടയാൻ ശ്രമിച്ചെങ്കിലും കർഷക രോഷത്തിന് മുമ്പിൽ കേന്ദ്രം മുട്ടുമടക്കുകയായിരുന്നു. അതിർത്തികൾ അടച്ചും സമരക്കാരെ അറസ്റ്റ് ചെയ്തും പ്രക്ഷോഭത്തെ തളർത്താനുള്ള ആദ്യശ്രമം തന്നെ പാളി. ഖാലിസ്ഥാൻ വാദികളാണ് സമരത്തിന് പിന്നിലെന്ന തീവ്രവാദ ആരോപണം ഉന്നയിച്ച് പ്രക്ഷോഭത്തെ ഇല്ലാതാക്കാനുള്ള ശ്രമവും അമ്പേ പരാജയപ്പെട്ടു. കേന്ദ്രം ഭരിക്കുന്ന സംഘപരിവാർ സർക്കാർ എതിർശബ്ദങ്ങളെ ഇല്ലാതാക്കിയാണ് തങ്ങളുടെ നയങ്ങളോരോന്നും നടപ്പിലാക്കിക്കൊണ്ടിരുന്നത്. മൃഗീയ ഭൂരിപക്ഷവും ഏകാധിപത്യ സ്വഭാവവും അതിനവർക്ക് ഊർജം നൽകുകയും ചെയ്തു. എന്നാൽ അടുത്തകാലത്തായി നടന്ന സമരങ്ങൾ അവരുടെ പ്രതീക്ഷകളെ തകിടംമറിക്കുന്നതായിരുന്നു. പൗരത്വ പ്രക്ഷോഭത്തിൽ അത് നാം കണ്ടു. അവിടുന്നിങ്ങോട്ട് മൗനം വെടിഞ്ഞ്, തങ്ങളുടെ അഭിപ്രായങ്ങളും പ്രതിഷേധങ്ങളും സധൈര്യം രേഖപ്പെടുത്താനുള്ള ഇന്ത്യൻ ജനതയുടെ തീരുമാനം ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിൻറെ നേട്ടമാണ്.

കർഷക പ്രക്ഷോഭത്തിലും ഈ തന്ത്രം സംഘ പരിവാർ ശക്തകൾക്ക് വലിയ തിരിച്ചടിയായി. പ്രതിഷേധക്കാരെ കേൾക്കാൻ തയ്യാറാവാതെ അവർക്ക് മുമ്പിൽ വാതിലുകൾ കൊട്ടിയടച്ച കേന്ദ്ര സർക്കാർ ഒടുവിൽ ചർച്ചക്ക് തയ്യാറായി. സമരം ചെയ്യുന്ന ചില സംഘടനകളെ മാത്രം വിളിച്ചു പ്രക്ഷോഭത്തെ പൊളിക്കാനുള്ള ശ്രമത്തിന് അവർ വഴങ്ങിയില്ല. സമരമുഖത്തുള്ള മുഴുവൻ കർഷക സംഘടനകളുമായാണ് ചർച്ച വേണ്ടതെന്ന നിലപാടിൽ ഉറച്ചു നിന്നതോടെ സർക്കാരിന് വഴങ്ങേണ്ടി വന്നു. പ്രധാനമന്ത്രിയും കേന്ദ്ര കൃഷിമന്ത്രിയും ആഭ്യന്തരമന്ത്രിയും അടക്കമുള്ളവർ നിരന്തരം പറഞ്ഞു കൊണ്ടിരുന്ന കള്ളങ്ങൾ ആവർത്തിക്കുകയാണ് ആദ്യചർച്ചയിൽ ചെയ്തത്. എന്നാൽ നിയമങ്ങൾ പിൻവലിക്കുകയും താങ്ങുവില പുനഃസ്ഥാപിക്കുകയും ചെയ്യാതെ സമരത്തിൽനിന്ന് പിന്മാറുകയില്ലെന്ന് ഉറപ്പിച്ച് പറഞ്ഞു കർഷകർ. കേന്ദ്ര സർക്കാർ പ്രക്ഷോഭകർക്ക് മുമ്പിൽ വെള്ളം കുടിക്കുന്ന കാഴ്ചയാണ് ഓരോ ചർച്ചയിലും കാണാൻ സാധിക്കുന്നത്. 'യെസ് ഓർ നോ' എന്നതിനപ്പുറം ഒരു വിശദീകരണവും ആവശ്യമില്ലെന്ന കർഷക പ്രതിനിധികളുടെ നിലപാട് അക്ഷരാർഥത്തിൽ കേന്ദ്ര സർക്കാരിനെ കുഴക്കിയിരിക്കുകയാണ്.

മോഡി സർക്കാർ അധികാരത്തിലെത്തിയത് മുതൽ രാജ്യം വിറ്റ് അധികാരം നേടുക എന്ന നിലപാടാണ് സ്വീകരിച്ചു പോരുന്നത്. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി വിറ്റു കൊണ്ടിരിക്കുകയാണ്. അതിനെ തങ്ങളുടെ രാഷ്ട്രീയ അധികാരം നിലനിർത്താനുള്ള വഴിയായാണ് അവർ കാണുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളായിൽ ജനപ്രതിനിധികളെ വിലയ്ക്കു വാങ്ങി ഭരണകൂടങ്ങളെ അട്ടിമറിക്കാൻ നടത്തിയ ശ്രമങ്ങൾ ഈ കോർപ്പറേറ്റ് ഭീമൻമാരുടെ പണത്തിന്റെ ഹുങ്കിലാണെന്ന് തിരിച്ചറിയാതെ പോകരുത്. രാജ്യത്തെ സാമ്പത്തികരംഗം തകരുമ്പോഴും കോർപ്പറേറ്റുകൾ തടിച്ചുകൊഴുക്കുന്ന വിരോധാഭാസമാണ് ഇവിടെ അരങ്ങേറുന്നത്. പാവങ്ങളെ കൂടുതൽ പട്ടിണിയിലേക്ക് തള്ളിവിടുകയും അതിസമ്പന്നരെ സമ്പന്നതയുടെ ഉത്തുംഗതയിലേക്ക് എത്തിക്കുകയും ചെയുന്ന പണിയാണ് സംഘപരിവാർ ഭരണകൂടം ചെയ്തുകൊണ്ടിരിക്കുന്നത്.

പുതിയ കാർഷിക നിയമങ്ങളെയും ഈ പശ്ചാത്തലത്തിലാണ് നാം കാണേണ്ടതും മനസ്സിലാക്കേണ്ടതും. കോർപ്പറേറ്റുകളക്ക് കാർഷിക മേഖല മുഴുവനായി തുറന്നുകൊടുത്ത് രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയെ തന്നെ അപകടത്തിലാക്കുന്ന നിയമമാണ് കേന്ദ്രം പാസാക്കിയിരിക്കുന്നത്. മിനിമം താങ്ങുവില എന്നത് ഭക്ഷ്യസുരക്ഷയുടെ ഉറപ്പുകൂടിയാണ്. കാർഷിക ഇടങ്ങൾ കുത്തകകൾക്ക് യഥേഷ്ടം വിഹരിക്കാവുന്നതാക്കി മാറ്റുന്ന നിയമമാണിത്. കൃഷിയും സംഭരണ, വിപണന മേഖലയിലെ സ്വകാര്യ വൽക്കരണവുമെല്ലാം കാർഷിക മേഖലയെ അപ്പാടെ തകർത്തുകളയും. ലോകത്തെ ഭക്ഷ്യോത്പാദന രാജ്യങ്ങളിൽ നാലാം സ്ഥാനമാണ് ഇന്ത്യക്കുള്ളത്. കാർഷികോൽപന്ന കയറ്റുമതിയിൽ എട്ടാം സ്ഥാനവും.

26.30 കോടി കർഷകരുള്ള രാജ്യം. ഡിജിപിയുടെ 17 ശതമാനം കാർഷികമേഖലയിൽ നിന്നാണ്. ഇത്രയും വലിയ ഒരു മേഖലയെ ഇല്ലാതാക്കാനുള്ള ശ്രമമാണ് കേന്ദ്രസർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് രാജ്യത്ത് ഭക്ഷ്യസുരക്ഷയെ തകിടം മറിക്കുകയും കാർഷിക മേഖല മുഴുവൻ കോർപറേറ്റുകൾ കയ്യടക്കുന്ന അവസ്ഥ സംജാതമാക്കുകയും ചെയ്യും. പട്ടിണിയും തൊഴിൽ നഷ്ടവും ആരോഗ്യ, പാരിസ്ഥിതിക പ്രത്യാഘാതങ്ങളും സമ്പദ്‌വ്യവസ്ഥയുടെ തകർച്ചയുമെല്ലാം ഈ നിയമത്തിന്റെ പ്രതിഫലനമായി നാളെ കാണേണ്ടിവരികയും ചെയ്യും. പാവങ്ങളെ കുരുതികൊടുത്ത് കുത്തകകൾക്ക് പച്ചപ്പരവതാനി വിരിക്കുന്ന ഭരണകൂടം രാജ്യത്തെ തകർച്ചയിലേക്കാണ് തള്ളിവിടുന്നത്.

വിജയം മാത്രം ലക്ഷ്യംവെച്ച് ഡൽഹിയിലേക്ക് പുറപ്പെട്ടവരാണ് കർഷകർ. അവർ പ്രതിഷേധിക്കുന്നത് രാജ്യത്തിന്റെ നിലനിൽപിനു വേണ്ടിയാണ്. അരുതായ്മയ്ക്കെതിരെ ജനാധിപത്യ മാർഗങ്ങളിലൂടെ പ്രതിഷേധിക്കാനും വിജയം വരിക്കാനും സാധ്യമാണ് എന്നതിനുള്ള ഒരു മാതൃക കൂടിയാണ് ഈ കർഷക സമരം. അക്രമരഹിതവും ജനാധിപത്യപരവുമായ പ്രതിഷേധങ്ങൾക്ക് മുമ്പിൽ മുട്ടുമടക്കിയ ഏകാധിപതികളുടെ ചരിത്രമാണ് ഇന്നലെകൾ നമ്മെ പഠിപ്പിക്കുന്നത്. ഇന്നും നാളെയും അതുതന്നെയാണ് സംഭവിക്കുക. ലക്ഷ്യബോധവും നിശ്ചയദർഢ്യവും ഉറച്ച തീരുമാനങ്ങളും ഉണ്ടെങ്കിൽ ഏത് സ്വേഛാധിപതിയെയും തിരുത്തിക്കാൻ സാധിക്കും. കർഷക സമരത്തിന് കായിക താരങ്ങളും അഭിഭാഷകരും ട്രക്ക് ഉടമകളും വ്യാപാരികളും അടക്കം രാജ്യത്തെ നാനാവിഭാഗം ജനതയും ശക്തമായ പിന്തുണയും സഹായങ്ങളും നൽകുന്നുണ്ട്. വിജയത്തിൽ കുറഞ്ഞൊന്നും രാജ്യം പ്രതീക്ഷിക്കുന്നില്ല.

ഇന്ദ്രപ്രസ്ഥം ഇളക്കിമറിച്ച കർഷകരോഷം ഇന്ത്യാചരിത്രത്തിലെ തിളങ്ങുന്ന അധ്യായമാവും. അവകാശ പോരാട്ടവിജയങ്ങളുടെ ചരിത്രത്തിൽ തങ്കലിപികളാൽ ഉല്ലേഖനം ചെയ്യപ്പെടും. പൗരത്വ ഭേദഗതിനിയമം നടപ്പിലാക്കുമെന്ന് ഇടയ്ക്കിടയ്ക്ക് ചില നേതാക്കൾ പറയുന്നത് കൊറോണക്ക് ശേഷം പ്രക്ഷോഭങ്ങൾ കൂടുതൽ ശക്തമായി മാറേണ്ടതുണ്ട് എന്നത് കൂടിയാണ് സൂചിപ്പിക്കുന്നത്. കർഷകരോഷം പൗരത്വ പ്രക്ഷോഭത്തിന് വലിയ ഊർജം നൽകുമെന്നതിൽ സംശയമില്ല.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

# രോഗലക്ഷണം തിരിച്ചറിയുക

ചൂടും തണുപ്പും ഇടയ്ക്കിടയ്ക്ക് മഴയും മാറിവരുന്ന ഈ കാലാവസ്ഥയിൽ കഫക്കെട്ടും തുമ്മലും പനിയും സാധാരണ വരാറുള്ളതാണ്. കാലാവസ്ഥാജന്യമായ രോഗങ്ങളെപ്പറ്റി എല്ലാകാലത്തും നമ്മുടെ ആരോഗ്യവകുപ്പ് അപ്പപ്പോൾ ഉണർത്താറുമുണ്ട്. എന്നാൽ കോവിഡ് കാലം വന്നതോടെ ഇപ്പറഞ്ഞ സാധാരണ ജലദോഷം പോലും പേടിയോടെയാണ് നാം നോക്കിക്കാണുന്നത്. രോഗലക്ഷണങ്ങൾക്കു നേരെയുള്ള ഈ ജാഗ്രത എന്തായിരുന്നാലും നല്ലതുതന്നെ.

വേറെയും ചില രോഗലക്ഷണങ്ങളെപ്പറ്റി ജാഗ്രത പുലർത്താൻ ഈ അനുഭവത്തിൽനിന്ന് നാം പാഠം പഠിക്കണം. ചിന്തിക്കുന്നവർക്ക് നല്ലൊരു പരീക്ഷണം തന്നെയാണ് കോവിഡ്. ഒരു കാര്യവും മനുഷ്യന്റെ നിയന്ത്രണത്തിലല്ല എന്ന് ബോധ്യപ്പെട്ട കാലമാണിത്. ഇത്രയൊക്കെയായിട്ടും സർവനിയന്താവായ റബ്ബിലേക്ക് കൂടുതലൊന്ന് അടുക്കണം എന്ന വിചാരം നമുക്ക് വന്നിട്ടുണ്ടോ? കോവിഡ് ഭീതിയെ വകഞ്ഞുമാറ്റി അങ്ങാടികളും കളിക്കളങ്ങളും ജിമ്മുകളും വിനോദകേന്ദ്രങ്ങളും സജീവമായിക്കൊണ്ടിരിക്കുന്നു. പള്ളിയിൽ മാത്രമാണിപ്പോൾ കോവിഡു ഭയം ബാക്കി നിൽക്കുന്നത്. ദിവസം പത്തുനേരം അങ്ങാടിയിൽ ചെന്ന് ആവശ്യം നിറവേറ്റുന്നവർ അഞ്ചുനേരം പള്ളിയിൽ വരാതിരിക്കാൻ കോവിഡാണ് മുഖ്യപ്രതി.

മതകാര്യത്തിലും നമ്മിൽ ചില ലക്ഷണങ്ങൾ കാണുമ്പോൾ ഒന്നു ടെസ്റ്റ് ചെയ്യാൻ നാം സ്വയം തയ്യാറാവണം. മുൻഗാമികളായ സ്വഹാബിമാർ അരുതാത്ത ചില ചെറിയ ലക്ഷണങ്ങൾ കാണുമ്പോൾ സ്വയം പരിശോധിക്കാറുണ്ടായിരുന്നുവത്രെ. ഈമാനിന്റെ ദൗർബല്യം, കാപട്യം തുടങ്ങിയ രോഗലക്ഷണങ്ങൾക്കായിരുന്നു അവർ പ്രത്യേക പരിഗണന നൽകിയിരുന്നത്.

അബൂബക്കർ സ്വിദ്ദീകുംؓ ഹൻദലത്തുംؓ ഒരിക്കൽ നബിﷺയുടെ അടുത്തുചെന്ന് ഞങ്ങളിരുവർക്കും കാപട്യത്തിന്റെ ലക്ഷണങ്ങളുണ്ടോ എന്ന് ചോദിച്ചതായി മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഒരു സംഭവത്തിൽ കാണാം. നബിﷺയുടെ രഹസ്യ സൂക്ഷിപ്പുകാരൻ എന്ന അപരനാമത്തിന്റെ ഉടമയായ ഹുദൈഫؓയോട് ഉമറുബ്നുൽ ഖത്ത്വാബ്ؓ ചോദിച്ചു: 'കപട വിശ്വാസികളെ നബിﷺ താങ്കൾക്ക് എണ്ണിപ്പറഞ്ഞു തന്നപ്പോൾ അക്കൂട്ടത്തിൽ എന്റെ പേരുണ്ടോ?' മുപ്പതിലധികം സ്വഹാബിമാർ, തങ്ങളിൽ കാപട്യമുണ്ടോ എന്ന് ഭയപ്പെട്ടിരുന്നതായി എനിക്കറിയാം എന്ന് അബൂമുലൈകؓ പറഞ്ഞതായി ബുഖാരി ഉദ്ധരിച്ചിട്ടുണ്ട്.

ഇത്തരം സംഭവങ്ങൾ നമുക്കു നൽകുന്ന പാഠമെന്താണ്? അവർ നിത്യവും ആത്മപരിശോധന നടത്താറുണ്ടായിരുന്നു. തങ്ങളുടെ വിശ്വാസവിശുദ്ധിക്ക് എന്തെങ്കിലും കളങ്കമേൽക്കുന്നുണ്ടോ എന്ന് സദാ അവരെല്ലാം ശ്രദ്ധിക്കാറുണ്ടായിരുന്നു. തങ്ങൾ എപ്പോഴും തിന്മയിലേക്ക് ആപതിക്കാൻ സാധ്യതയുണ്ടെന്ന ബോധം അവരെ അലട്ടിയിരുന്നു. ആത്മവിശുദ്ധി നിലനിർത്താൻ അവർ ജാഗ്രത പുലർത്തിയിരുന്നു. ഇതായിരുന്നു മഹാന്മാരായ പൂർവികരുടെ അവസ്ഥ.

ക്ഷണികമായ ഇഹലോകജീവിതത്തിൽ ആരോഗ്യം നിലനിർത്താൻ വേണ്ടി ചെറിയ ഒരു രോഗലക്ഷണത്തെപ്പോലും നാം ഏറെ ഭയപ്പെടാറുണ്ട്. അത് ആവശ്യവുമാണ്. എന്നാൽ ശാശ്വതമായ പരലോക വിജയം ഉറപ്പിക്കാൻ വേണ്ടി, അതിന് വിഘാതമാവുന്ന വിശ്വാസപരവും സ്വഭാവപരവുമായ രോഗലക്ഷണങ്ങളെയും തിരിച്ചറിഞ്ഞ് ചികിത്സിക്കാൻ ജാഗ്രത പുലർത്തേണ്ടതുണ്ട്. ദുരിതങ്ങളും ദുരനുഭവങ്ങളും എത്രമുന്നിൽ കണ്ടാലും പുനരാലോചിക്കാനോ വിനയപ്പെടാനോ തോന്നാത്തവരെപ്പറ്റി ക്വുർആൻ താക്കീതുനൽകുന്നതിങ്ങനെയാണ്:

"നിനക്കു മുമ്പ് നാം പല സമൂഹങ്ങളിലേക്കും (ദൂതൻമാരെ) അയച്ചിട്ടുണ്ട്. അനന്തരം അവരെ (ആ സമൂഹങ്ങളെ) കഷ്ടപ്പാടും ദുരിതവും കൊണ്ട് നാം പിടികൂടി; അവർ വിനയശീലരായിത്തീരുവാൻ വേണ്ടി" (6:42).

"അങ്ങനെ അവർക്ക് നമ്മുടെ ശിക്ഷ വന്നെത്തിയപ്പോൾ അവരെന്താണ് താഴ്മയുള്ളവരാകാതിരുന്നത്? എന്നാൽ അവരുടെ ഹൃദയങ്ങൾ കടുത്തുപോകുകയാണുണ്ടായത്. അവർ ചെയ്തുകൊണ്ടിരുന്നത് പിശാച് അവർക്ക് ഭംഗിയായി തോന്നിക്കുകയും ചെയ്തു"(6:43).

ദുരിത കാലങ്ങൾ, അത് വ്യക്തിക്കായാലും സമൂഹത്തിന് മൊത്തമായാലും സ്വയം പിൻമാറാനും ഭയപ്പെട്ടു നിശ്ചലമായിരിക്കാനും ദുഃഖിച്ച് ദുർബലരാകാനുമുള്ളതല്ല. മറിച്ച് വിശ്വാസികൾ അവയെ അതിജീവിക്കണം. പ്രാർഥനകളും പ്രകീർത്തനങ്ങളും വർധിപ്പിക്കുക, ആരാധനാകർമങ്ങളിൽ കൂടുതൽ നിഷ്ഠപാലിക്കുക, ജനോപകാരപ്രദമായ സേവനങ്ങളിൽ പൂർവാധികം മുഴുകുക എന്നിവയാണ് അതിജീവനമാർഗം. അല്ലാതെ ചുളുവിൽ ഒഴിഞ്ഞുമാറുകയല്ല പരിഹാരം.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
**താങ്കൾ കേട്ടു തുടങ്ങിയോ?**



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 DECEMBER 12

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM
ISLAMIC ORGANIZATION

# അഞ്ചാം വയസ്സിലേക്ക്...

5




ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം
## 2020 ഡിസംബർ: 01 - ഡിസംബർ: 31

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 94477 45299 | **mail@nerpatham.com** | **www.nerpatham.com**